ഇവിടെ എത്താൻ, ടൗണിൽ നിന്ന് ഷൊർണൂർ ബസിൽ കയറി വിയ്യൂർ പവർ house ജംഗ്ഷനിൽ ഇറങ്ങണം. അന്ന്, കോളേജിലും പോയി. മെയിൻ ബ്ലോക്കിന്റെ വലുപ്പം കണ്ടു അന്തംവിട്ടു നിന്നു .ഒരു ലിവർ തിരിച്ചു തുറക്കുന്ന ചില്ലു ജനാലകൾ ഒരു കൗതുകമായി. ഇന്ന് അവയെല്ലാം മാറ്റിയിരിക്കുന്നു.

പിന്നീട് ഇവിടെ വന്നത് സ്കൂളിൽ പഠിക്കുമ്പോൾ ആണ്. NCC യുടെ ഭാഗമായി ഉള്ള ആയുധ പരിശീലനത്തിന് ബി ഹോസ്റ്റലിന്റെ പടിഞ്ഞാറുള്ള Firing Range ലേക്ക്. തെക്കു വടക്കായി നീണ്ടുകിടന്ന ഇതിന്റെ തെക്കു ഭാഗത്തു കനത്ത ഇഷ്ടിക ഭിത്തി.

ഓർമ്മയുള്ള ഒരു കാര്യം, ബി ഹോസ്റ്റലിൽ നിന്ന് കേൾക്കുന്ന ഉറക്കെയുള്ള കൽപ്പനകൾ ആയിരുന്നു. കൽപ്പനകൾ തമാശ കലർത്തി കടുത്ത ഭാഷയിൽ ആയിരുന്നു.

ചുറ്റും നിറയെ കശുമാവിൻ മരങ്ങൾ, മാവുകളും. ഇടയ്ക്കു കിട്ടുന്ന ഒഴിവു സമയങ്ങളിൽ മാങ്ങാ പറിക്കാനും കശുമാങ്ങ പറിക്കാനും നോക്കും. ഇതിന്റെ കോൺട്രാക്ട് എടുത്ത ആൾ സൈക്കിളിൽ കറങ്ങുന്നുണ്ടാവും. മാങ്ങാ പറിക്കാൻ സമ്മതിക്കില്ല. കശുമാങ്ങ എടുക്കാം അണ്ടി അവിടെ ഇടണം. ഒരു കൈ മാത്രം ആണ് അയാൾക്കുണ്ടായിരുന്നതു. എന്നാലും അനായാസം സൈക്കിൾ ഓടിച്ചിരുന്നു.

എഴുപതുകളുടെ മധ്യത്തിൽ ആണ് പത്താം ക്ലാസ്സിൽ പഠിച്ചിരുന്നത്. ഭാവി തൊഴിൽ സാധ്യതകൾ കരുതി ടൈപ്പ് writing പഠിക്കുന്ന പതിവുണ്ടായിരുന്നു ആ കാലത്ത്. പാട്ടുരായ്ക്കൽ ജംഗ്ഷനിൽ, ഇപ്പോൾ അമുൽ ഐസ്ക്രീം ഷോപ്പുള്ള കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ആണ് ക്ലാസ്. രാവിലെ 7 മുതൽ 8 വരെ. (ഈ പഠനത്തിൽ കിട്ടിയ ഒരു കഴിവ് ഇപ്പോഴും ചില പാർട്ടികളിൽ പ്രയോഗിക്കാറുണ്ട് Z മുതൽ A വരെ ക്രമത്തിൽ, വേഗത്തിൽ ചൊല്ലുക)

ഈ കെട്ടിടത്തിന്റെ മുന്നിലാണ് കോളേജ് ബസ് സ്റ്റോപ്പ്. ക്ലാസ് കഴിഞ്ഞിറങ്ങുമ്പോൾ പാൻറ് ധരിച്ച കുറെ ചേട്ടന്മാർ T ആകൃതിയിൽ ഉള്ള ഒരു നീളൻ മരക്കഷ്ണം കയ്യിൽ പിടിച്ചു നിൽക്കുന്നുണ്ടാവും. ബഹുമാനത്തോടെ അവരുടെ ചുറ്റും കൂടി സംസാരം എല്ലാം കേൾക്കും. അന്നത്തെ ഒരു കൗതുകകരം ആയ സാധനം അവർ കാണിച്ചു തരും. കണക്കു കൂട്ടാൻ ഉള്ള യന്ത്രം. Calculator അല്ല അതിനും മുൻപ് ഉണ്ടായിരുന്ന Slide Rule. പരന്ന് വീതിയുള്ള 3 scale ഉകൾ.

ഇതു ഒരെണ്ണം കിട്ടിയാൽ പെരുക്ക പട്ടിക പഠിക്കാതെ രക്ഷപെടാമായിരുന്നു എന്ന് തോന്നി. അന്ന് ചെറുതും വലുതും ആയി 2 കോളേജ് ബസുകൾ ആണ് ഉണ്ടായിരുന്നത്. അതിലെ വലിയ ബസ് ആണ് 'നമ്മൾ' സിനിമയിലെ ഡാൻസിന് ഒരു വേദി ആയത്. സിനിമയിൽ ഈ ബസ് കണ്ടു കോരിത്തരിച്ചു കൂടുതൽ തവണ സിനിമ കണ്ട പൂർവ വിദ്യാർത്ഥികളും ഉണ്ട്. യൂട്യൂബിൽ പാട്ട് മാത്രം കാണാവുന്ന സൗകര്യം പിന്നീടാണല്ലോ വന്നത്.

ചേട്ടന്മാരുടെ വാചകത്തിൽ മുഴുകി നിൽകുമ്പോൾ വിയ്യൂർ ഭാഗത്തുനിന്ന് വലിയ ബസ് വരും. ചെറിയ ജംഗ്ഷൻ ആയിരുന്നു അന്ന് പാട്ടുരായ്ക്കൽ. അതിനാൽ ഈ വലിയ ബസ് തിരിക്കാൻ സമയം എടുത്തിരുന്നു. ചേട്ടന്മാരെ യാത്ര അയച്ചാണ് ഞങ്ങളുടെ മടക്കം. ഈ ചേട്ടന്മാരുടെ വക പ്രചോദനം എഞ്ചിനീയറിംഗ് പഠനത്തിന് കാരണമായിട്ടുണ്ട്.

പിന്നെ, റിപ്പബ്ലിക്ക് ദിനത്തിന് സ്വരാജ് റൗണ്ടിൽ നടക്കുന്ന പരേഡിൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർഥികൾ ഒലിവു ഗ്രീൻ നിറത്തിലുള്ള Blazer അണിഞ്ഞാണ് പങ്കെടുക്കാറ്. വേഷത്തിൽ വേറിട്ട ഗംഭീരമായ ഒരു കാഴ്ച. അതും കോളേജിൽ ചേരാൻ ഒരു പ്രചോദനം ആയി.

പ്രീ ഡിഗ്രിക്കു പഠിക്കുമ്പോൾ, 1976ൽ ആണ് കോളേജിൽ ഒരു Open House നടന്നത്. എല്ലാ ലാബുകളും പൊതു ജനങ്ങൾക്കായി തുറന്നിട്ടിരുന്നു. ആദ്യമായി എന്നെ ടീവിയിൽ കാണുന്നത് അന്നാണ്. Electrical ലാബിൻടെ തുടക്കത്തിൽ, ഒരു റൂമിലേക്ക് കയറുമ്പോൾ ഒരു കെൽട്രോൺ TV യിൽ നമ്മളെ കാണാം. പിന്നെ പാട്ടിനനുസരിച്ചു മിന്നുന്ന ബൾബ്കളും ജലധാരയും. ഇന്ന് സ്കൂൾ എക്സിബിഷനിൽ സ്ഥിരം കാണുന്നതെങ്കിലും അന്ന് ഇവയെല്ലാം വിരളം ആയ കാഴ്ചകൾ ആയിരുന്നു.

ഹൈ വോൾടേജ് ലാബ് ലെ ഇടി മിന്നൽ. Physics ലാബിനു സമീപം ഉള്ള പ്ലാനിറ്റോറിയം എന്നിവ മറ്റൊരു കൗതുകം ആയി. ഇതെല്ലാം ഉണ്ടാക്കുന്നവർ ആണ്എഞ്ചിനീയർമാർ എന്നത് ഇവിടെ പഠിക്കാൻ ഉള്ള ആവേശമായി.

അന്ന് പ്രീ ഡിഗ്രിയുടെ മാത്സ്, ഫിസിസിക്സ്, കെമിസ്ട്രി മാർക്ക് മാത്രം നോക്കി ആണ് എഞ്ചിനീയറിംഗ് അഡ്മിഷൻ. ഒരേ ബ്രാഞ്ചിനും വേറെ വേറെ application ഫോം. വില 5 രൂപ. 1977 ഇൽ ആണ് എഞ്ചിനീറിങ്ങിന് ചേരുന്നത്. നവംബറിൽ ആണ് ക്ലാസ് തുടങ്ങുന്നത് . 1976 മുതൽ കോളേജ് കൊച്ചി യൂണിവേഴ്സിറ്റി യുടെ കീഴിൽ ആയിരുന്നു. 1978 അഡ്മിഷൻ വരെ. പ്രിൻസിപ്പൽ ആയിരുന്ന പി ജെ ജോർജ് സാറിന്റെ നേതൃത്വത്തിൽ അക്കാഡമിക് ഓട്ടോണോമി പ്രയോഗത്തിൽ വരുത്താൻ മികച്ച ഒരു അധ്യാപക നിര ഇവിടെയുണ്ടായിരുന്നു. മറ്റു യൂണിവേഴ്സിറ്റി കളിൽ നിന്ന് വ്യത്യസ്തമായി സിലബസ് നിർണയിക്കാൻ ഇവിടെ ഒരു പ്രത്യേക സംവിധാനം ഉണ്ടായിരുന്നു. നൂതനമായ പല വിഷയങ്ങളും പഠിക്കാൻ സാധിച്ചു. Maintenance Engineering ഒരു പഠന വിഷയമായി തുടങ്ങിയ കാലത്തു തന്നെ അത് ഞങ്ങൾ ഇവിടെ പഠിച്ചിരുന്നു.

4 Branch കളിൽ 180 പേർക്ക് അഡ്മിഷൻ. ആദ്യ വര്ഷം എല്ലാ ബ്രാഞ്ചും ഒന്നിച്ചു Common



വിഷയങ്ങൾ. ആദ്യ വര്ഷം ബ്രാഞ്ചുകൾ ഇടകലർന്നു പഠിച്ചതിനാൽ വിദ്യാർത്ഥികൾ തമ്മിൽ നല്ല ഒരുമ ആയിരുന്നു. പുതിയ യൂണിവേഴ്സിറ്റി ആയതിനാൽ കോഴ്സ് Recognition തുടങ്ങി ആശങ്കകൾ ഉണ്ടായിരുന്നു. അതിനാൽത്തന്നെ 3 ബാച്ചുകൾ തമ്മിലും പഠിക്കുന്ന കാലം മുതൽ തന്നെ നല്ല ഒരുമയുണ്ടായിരുന്നു. അതിനാൽ ആണ്, 40 വര്ഷങ്ങള്ക്കുശേഷം ഇവരുടെ കൂട്ടായ്മയിലൂടെ നാടമുറ്റം കോളേജിന് നൽകാനായത്.



The author studied at GECT from 77 to 82 and was a faculty in Mechanical Engg Dept from 1984 to 2016. Was also faculty associated with Graffiti news letter from 2009 to 2016

GECലെ പഠന കാലം 1982 മാർച്ച് വരെ നീണ്ടു. ഓർമകളിൽ നിന്ന് മായാത്ത സുവർണ കാലം. രാവിലെ 8 മണിയോടെ നേരത്തെ പറഞ്ഞ ചേട്ടൻ മാരുടെ സ്ഥാനത്തു പാട്ടുരായ്ക്കൽ ബസ് സ്റ്റോപ്പിൽ എത്തും. ആദ്യം വിദ്യാർഥികൾ ബസിൽ കയറുന്നതു ഈ സ്റ്റോപ്പിൽ നിന്നാണ് അതിനാൽത്തന്നെ മിക്കവർക്കും സ്ഥിരം സീറ്റ് ഉണ്ടായിരുന്നു. റൌണ്ട് ചുറ്റി നഗര കാഴ്ചകൾ എല്ലാം കണ്ട് 9മണിക്ക് കോളേജിൽ എത്തും. ബസിന് ടിക്കറ്റ് ഉണ്ടായിരുന്നു 20 എണ്ണത്തിന്റെ ബുക്കിന് 5രൂപ. നേരത്തെ ഓഫീസിൽ നിന്ന് മേടിക്കണം. ഉച്ചക്ക് ഊണ് കഴിക്കാനും റൗണ്ടിലേക്ക് ബസ് ട്രിപ്പ് ഉണ്ടായിരുന്നു 12.05 ന് കോളേജിൽ നിന്ന് പുറപ്പെട്ട് 1 മണിക്ക് തിരിച്ചെത്തും. പാട്ടുരായ്ക്കൽ സ്റ്റോപ്പിന് കൂടുതൽ സമയം കിട്ടിയിരുന്നു ആദ്യം ഇറങ്ങാം അവസാനം കയറിയാൽ മതി.

സ്പോർട്സുമായി ബന്ധപ്പെട്ടാണ് മികച്ച അനുഭവങ്ങളും കൂട്ടുകാരും ഉണ്ടായിരുന്നത്. 3 ജൂനിയർ State Team ക്യാപ്റ്റന്മാർ ഉണ്ടായിരുന്നു ബാച്ചിൽ. ഇവരുടെ നേതൃത്വത്തിൽ നല്ല ഒരു കായിക നിരതന്നെ ഉണ്ടായിരുന്നു. ഫിസിക്കൽ എഡ്യൂക്കേഷന്റെ ചുമതലയുണ്ടായിരുന്ന VKN മേനോൻ സാർ നിരവധി ബാച്ചുകളുടെ ആരാധനാ പത്രവും മാർഗദർശിയും ആയി നിലകൊണ്ടു. എല്ലാവരും എന്തെങ്കിലും കായിക വിനോദത്തിൽ പങ്കെടുക്കണം എന്നത് നിർബന്ധം. ആയാസം അധികം വേണ്ടാത്തതിനാൽ വിദ്യാർത്ഥിനികൾ അടക്കം കൂടുതൽ പേരും ടേബിൾ ടെന്നീസ് ആണ് കളിച്ചിരുന്നത്. പലരും ടേബിൾ ടെന്നീസ് കളിയ്ക്കാൻ തുടങ്ങുന്നത് തന്നെ കോളേജിൽ വന്നതിനു ശേഷം ആണ് . മുന്തിയ തരം ബ്രാൻഡ് ആയ INTAB ടേബിളുകൾ 3 എണ്ണം ഉണ്ടായിരുന്നു. അന്ന് നടന്നിരുന്ന ഒരു ഓൾ കേരള ഓപ്പൺ ടേബിൾ ടെന്നീസ് ടൂർണമെന്റ് നടത്താൻ വലിയ ആവേശം ആയിരുന്നു. മെയിൻ ബിൽഡിങ്ങിലെ 2 drawing ഹാളുകൾ മാറ്റങ്ങൾ വരുത്തി ടേബിൾ ടെന്നീസിന് പാകമാക്കും. ടേബിളിനു മുകളിൽ താഴ്ത്തികെട്ടിയ ലൈറ്റുകൾ വേണം. Electricalലാബിൽ ആണ് അനുയോജ്യമായ വിധത്തിൽ ചെലവ് കുറഞ്ഞു അത് ഉണ്ടാക്കിയിരുന്നത്. അങ്ങിനെ അപ്രോപ്രിയേറ്റ് ടെക്നോളജിയുടെ പഠനവും നടന്നു.

വൈകുന്നേരം കളികളിൽ പങ്കെടുക്കുന്ന ദിവസം ദിവസം സൈക്കിളിൽ ആണ് കോളേജിൽ വരിക. ഗിരിജ തീയേറ്റർ കഴിഞ്ഞാൽ വിയ്യൂർ പാലം വരെ ഇരു ഭാഗത്തും നെൽപ്പാടം. നല്ല കാറ്റ്. വീടുകൾ തീരെ കുറവ്. വിയ്യൂർ പാലം കഴിഞ്ഞാൽ ഉള്ള കയറ്റം ഗംഭീരം. അതിനുശേഷം ഉള്ള സൗജന്യ ഇറക്കം. കോളേജ് എത്താറാവുമ്പോൾ വീണ്ടും കയറ്റം. മഴക്കാലത്ത് കുടയും പിടിച്ചുള്ള ഈ സൈക്കിൾ യാത്ര ഒരു വെല്ലുവിളിതന്നെ ആയിരുന്നു. ഇങ്ങനെ സൈക്കിളിൽ വരുന്നവർ വളരേയധികം പേരുണ്ടായിരുന്നു. കായിക ഇനങ്ങളിൽ സ്റ്റേഡിയത്തിൽ 25 റൌണ്ട് സൈക്കിൾ മത്സരത്തിൽ പങ്കെടുക്കാനും അത് പൂർത്തിയാക്കാനും ധാരാളം പേരുണ്ടായിരുന്നു . അതിനൊപ്പം ഉണ്ടായിരുന്ന സ്ലോ സൈക്കിൾ റെയ്സ്. അവസാനം എത്തിയാൽ സമ്മാനം കിട്ടുന്ന രസകരമായ ഒരിനം മത്സരം. കാൽ നിലത്തു കുത്തരുത്.



വൈകുന്നേരങ്ങളിൽ ഗ്രൗണ്ടുകൾ എല്ലാം തിരക്കേറിയവ ആയിരുന്നു. വർഷാവസാനം നടക്കുന്ന കായിക മത്സരങ്ങളും വാശിയേറിയവ ആയിരുന്നു. 100, 200 മീറ്റർ ചാമ്പ്യൻ ഒരു ഹീറോ തന്നെ ആയിരുന്നു.

കോളേജിൽ NSS യൂണിറ്റ് തുടങ്ങുന്നത് 1980 ഇൽ ആണ്. മെക്കാനിക്കൽ Dept ലെ പോൾ സാർ ആയിരുന്നു സ്റ്റാഫ് ഇൻ ചാർജ്. സ്നേഹപൂർവ്വം ഞങ്ങൾ കെ ജെ പി എന്ന് വിളിച്ചിരുന്നു. സുവർണ്ണകാലത്തിനകത്തെ മറ്റൊരു സുവർണ്ണകാലം.

കോളേജിലെ എല്ലാ മേഖലയിലും NSSന്റെ സാന്നിധ്യം ഉണ്ടായിരുന്നു. മറ്റു അധ്യാപകരെയും NSS ന്റെ നടത്തിപ്പിൽ പങ്കെടുപ്പിച്ചു കൊണ്ടാണ് പോൾ സാർ തന്റെ നേതൃത്വ പാടവം നടപ്പാക്കിയിരുന്നത്. സോഷ്യൽ commitment എന്താണ് എന്ന് ഞങ്ങളെ പഠിപ്പിച്ചതു ആ നേതൃത്വം ആണ്. നല്ല നാടൻ തൊടുപുഴ ശൈലിയിൽ നർമം കലർന്ന ശാസനകൾ ഞങ്ങളെ വളരെ സന്തോഷിപ്പിച്ചിരുന്നു. പരിഹാസം പോലും നർമ്മത്താൽ പൊതിഞ്ഞാണ്.

കോഴ്സ് കഴിയാറായ അവസരത്തിൽ,'ഈ മനോഹര തീരത്തു തരുമോ ഇനിയൊരുജന്മം കൂടി എന്ന ഗാനം ഉറക്കെ ചൊല്ലുമ്പോൾ സാറ് അത് വഴി പോയിരുന്നെന്നു തോന്നുന്നു. പിന്നീട് Lecturerആയി ഇവിടെ വന്നപ്പോൾ, ഈ തീരത്തേക്ക് തന്നെ പോന്നല്ലോ എന്ന് സാർ പറഞ്ഞത് ഓർക്കുന്നു.

Drawing ഹാൾ ആണ് എല്ലാ പരിപാടികൾക്കും മുഖ്യ വേദി. ഘനമേറിയ മേശകൾ പുറത്താക്കി വേണം ഹാൾ ഒരുക്കാൻ. ഇതിനും, സ്റ്റേജ് നിർമ്മാണം മുതലായ ഭാരമേറിയ ജോലികൾക്കുമായി ഒരു സംഘടന ഉണ്ടായിരുന്നു. ഫിലിപ്പിന്റെയും, ജോസഫ് സാമുവേലിന്റെയും നേതൃത്വത്തിൽ. "College of Engineering Porters Association (CEPA) എന്ന പേരിൽ അറിയപ്പെട്ടു. ജോലിക്കു ശേഷം ക്യാന്റീനിൽ നിന്ന് വയറുനിറയെ പുട്ടും കടലയും മാത്രം പ്രതിഫലം. ഫിലിപ്പും, സാമുവേലും ഇന്ന് നമ്മോടൊപ്പമില്ല.

കോളേജിന്റെ മുൻപിലെ റോഡ് കൃത്യം ഒരു കിലോമീറ്റർ ആണ്. അക്കാലത്തു് എല്ലാ വർഷവും നടന്നിരുന്ന ക്രോസ്സ്കൺട്രി റേസിന്റെ തുടക്കം ഈ റോഡിൽ ആണ്. വിയ്യൂർ , ഷൊർണൂർ റോഡ്, തിരുവമ്പാടി അമ്പലം വഴി റൌണ്ട് ചുറ്റി ചേറൂർ വഴി 11 കിലോമീറ്ററോളം ദൂരം വരുന്ന മത്സരം. പൂർത്തിയാക്കുന്നവർക്ക് സൗജന്യ പ്രഭാത ഭക്ഷണം. ഇത് കളയാതിരിക്കാൻ, നടന്നിട്ടാണെങ്കിലും ഒന്നര രണ്ടു മണിക്കൂറെടുത്തു പൂർത്തിയാക്കുന്നവർ ഉണ്ടായിരുന്നു. പക്ഷെ ഇവരും ചേറൂർ കിണർ മുതൽ ഓടിത്തന്നെ പങ്കെടുത്തിരുന്നു. മതിയായ കാരണം കൊണ്ട് തന്നെ. ഈ മത്സരത്തിൽ പങ്കെടുത്തിരുന്നവർ ഇപ്പോൾ വീണ്ടും കോളേജിൽ ഈ മത്സരം സ്പോൺസർ ചെയ്യുന്നുണ്ട്.

കേരളത്തിൽ ഫിലിം സൊസൈറ്റികൾ രൂപികരിച്ചു വരുന്ന അക്കാലത്തു കോളേജിലും ഒരു ഫിലിം സൊസൈറ്റി രൂപീകരിച്ചിരുന്നു. ടെക് ഫിലിം സൊസൈറ്റി. തിരൂർ. ഗീത തീയേറ്റർ (ഇന്ന് നിലവിലില്ല), ഈസ്റ്റേൺ ആംഫി എന്നിവിടങ്ങളിൽ ആയിരുന്നു പ്രദർശനം. പഥേർ പാഞ്ചാലി, ഭുവൻ ഷോം, Bicycle Thieves, Ballad of a Soldier തുടങ്ങിയ ചിത്രങ്ങൾ ഓർമയിൽ. അതിനുശേഷം നടക്കുന്ന ആസ്വാദന ചർച്ചകൾ. ഇവയെല്ലാം അറിവുനേടാനുള്ള നിരവധി വഴികൾ ഞങ്ങൾക്കുമുന്പിൽ തുറന്നു തന്നു.

കലാ പ്രകടനങ്ങൾ അവസാനിപ്പിക്കുന്നത് Final Year's ഡേയോട് കൂടിയാണ്. അധ്യാപകരുടെ കുടുംബാംഗങ്ങൾ അടക്കം കാണികൾ ഉണ്ടാവും. ജൂനിയർ വിദ്യാർത്ഥികളെയും അധ്യാപകരെയും ലക്ഷ്യമിട്ടാണ് മിക്ക പരിപാടികളും. പരിപാടിയിലോ Toastലോ തങ്ങളെ പരാമർശിക്കുന്നുണ്ടോ എന്നു ശ്രദ്ധിച്ചിരിക്കും എല്ലാവരും. ആദ്യമായും, ഒരുപക്ഷെ അവസാനമായും സ്റ്റേജിൽ കയറിയവരുമുണ്ടായിരുന്നു കൂട്ടത്തിൽ.

5 വര്ഷം നീണ്ട ഈ കാലഘട്ടം കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ അവസാനിച്ചു എന്നാണ് എല്ലാവരുടെയും സങ്കടം. ഏറ്റവും നല്ല കൂട്ടുകാർ ഇവിടെ നിന്നാണ്. ബ്രാഞ്ചുകൾക്കതീതമായി നിരവധി അധ്യാപകർ പല മേഖലകളിലും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകി. സെൻഡ് ഓഫ് പാർട്ടികളിൽ, നർമ്മത്തിൽ പൊതിഞ്ഞ ഞങ്ങളുടെ നിരീക്ഷണങ്ങൾ അവരെല്ലാം സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. ഇവിടെ ഉണ്ടായ പരാജയങ്ങൾ പോലും ഞങ്ങളെ സങ്കടപെടുത്തിയിട്ടില്ല. അത് പഠനത്തിലായാലും പ്രണയത്തിലായാലും. ജീവിതത്തിൽ പിന്നീട് പലതും നേടിയെങ്കിലും ഇവിടെത്തന്നെയാണ് ഞങ്ങളുടെ മനോഹര തീരം.

പിന്നീടുള്ള എന്റെ ജീവിതത്തിലും ഈ കലാലയം തന്നെ ആയിരുന്നു നിറഞ്ഞു നിന്നിരുന്നത്. ഒരു അധ്യാപകൻ ആയി. അത് 30 വർഷം നീണ്ടു നിന്നു. ആ സമയത്ത്, എന്റെ വിദ്യാർത്ഥികൾക്കിടയിൽ ബ്രാഞ്ചുകൾക്കതീതമായി നല്ല കൂട്ടായ്മകൾ കാണുവാൻ കുറെ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഗ്രാഫിറ്റി അതിലൊന്നാണ്. ഇപ്പോൾ അവരെയും തിരഞ്ഞുപിടിച്ചു വീണ്ടും ഒരു നല്ല കൂട്ടുകെട്ടുണ്ടാക്കാൻ കഴിയുന്നതിൽ ഏറെ സന്തോഷം.



# LUCKY NUMBER THIRTEEN

P RAVINDRANATHAN

I got a degree in Engineering more than half-a-century ago in an age when computers and calculators were not even heard of and Google was not even conceived. We had no memory sticks or devices at that time. What we had, and still have, is our own built-in bio-computer with unlimited memory which sometimes gets lost or faded or blurred. I have tried to recall some of that blurred memory here.

My journey to become an engineer started unknowingly some sixty or more years ago on an ordinary day when a family relative and neighbour showed me a small model of a double story house made with cardboard with tiny furniture and even lights which could be switched on and off! I was fascinated and decided to make one of my own and ended up making a poor copy of the one with my neighbour. Thereafter, I forgot all about it.

Some time later, I completed the SSLC Examination with a First Class and joined the nearest UC College at Alwaye (Aluva now), about 10 miles away, as a day-scholar. Travancore University, as it then was, had decided to discontinue the 2-year 'Intermediate' and 2-year Degree courses and introduced the one-year Pre-University and 3-year Degree courses. So in 1956, I joined the very first batch of the new Pre-University course and passed with First Class. I was thinking of continuing as day-scholar and join the B.Sc.Degree course in the same college. I had no visions or dreams of becoming an engineer which would require me to go to the only Engineering College in the State at Trivandrum. If at all I got admission, it would involve a lot of expenses, which, I knew, my father would not be able to afford.

But my father, a retired clerk of the Paliam Estate Office, had a vision. He had learnt that a second Government Engineering College was being opened in Thrissur and more seats would be available. He had also learnt that there was a chance of getting a merit-cum-means scholarship for me from the Government (if I continued to get a First Class). He filled up the application forms, reminded me of the house model I had made and forgotten and told me to tell about it if any one asked me in interview why I wanted go for engineering. I do not recall if any interview was there but I was selected.

With the introduction of Pre-university course, those who were selected for Engineering had to take a one-year Pre-Professional Course conducted by the Science Colleges followed by the regular 4-year Engineering Degree course. Thus, I joined the first batch of Pre-Professional Course, again as a day-scholar, in UC college and passed the Kerala (erstwhile Travancore) University examination held in March 1958 with First Class. I had opted for Thrissur college as it was nearer and, hopefully, less expensive. It was now time to leave behind my parents and shift to Thrissur.




My father took me, along with a small steel trunk containing my clothes, to Thrissur a day before the reporting day. He had arranged for my temporary stay with a family, known to someone known to my father, till proper arrangements were made. Next day I formally joined the Engineering College at its temporary location in Chembukavu and was given the Registration No. of 90. We were informed that hostel accommodation would be available after a couple of weeks. The Engineering College office in Thrissur may have started functioning in 1957 but the first batch of students including me joined the college in 1958.

We were 120 students in the first batch, 60 in Civil and 30 each in Mechanical and Electrical. As the Syllabus was common for the first two years, we had common classes. There were two large class rooms. With 120 students it was not exactly an ideal situation. Worse, seated in alphabetical order, I found myself far away from the Black Board and lecturer, but there was no other option. It was in these rooms that we learnt the fundamentals of Civil, Mechanical and Electrical Engineering from Principal and Professor S. Rajaraman, Prof. M.P Mathew and Prof. V.S Nair.

Apart from the two class rooms and rooms for the office and Principal, there were no other facilities. Drawing classes were held on the verandah. When it rained we used to hurriedly roll up the drawing sheets and move inside to avoid the sheets getting wet. For Chemistry practicals, we went to Keralavarma College. For Carpentry, Foundry and Smithy training, we went to the nearby Maharaja's Technical (later Technological) Institute (MTI) where we learnt to make mortice-and-tenon joints, sand moulds for casting and iron chisels (I was expelled on the first day from smithy workshop for not wearing footwear) and later worked on lathe machines. We surveyed the roads of Chembukavu umpteen times using chains, ranging rods, arrows, cross staff (are these still in use?), Plane Table, Compass etc. Meanwhile, I got a seat in the hostel which had 3 halls with about 30 beds. The hostel was just in front of the College, just across the road where the Google map now shows Dept of Registration.I think there was no other hostel that year. It was perhaps some old Govt Office. In 59-60, I was in another hostel which was on the right side of the College where the PWD rest house is now located. The other hostel was perhaps given to the new batch.

I also was granted a merit-cum means scholarship.

Towards the end of first year, we were given the Hall Tickets with Register Numbers for the coming University examination. My Register No. was 436. Someone casually observed that it was an unlucky number as the digits added up to 13.



**The author was part of the first ever GECT batch & also worked in the college as a lecturer. He served in the CPWD for 38 years**

At a function in the College, the Principal of College of Engineering, Trivandrum who was the Chief Guest hoped that in spite of the lack of adequate facilities, the very first batch of the college, would do well. Having got a first class in the last 3 years, I was hoping to get the same in the first year examination also. When I checked the results published in the newspaper, I was shocked not to see the number 436 under 'First Class' and not even under 'Second Class'. Not getting a First Class would almost have shattered my father's vision as my scholarship would have stopped. I broke down and was on the verge of collapse when someone pointed out just two numbers printed above 'First Class' and below 'First Class with Distinction'. Both were from our college and one was 436! I could not believe that I was either first or second in the entire University.

The new College did better than what the Chief Guest had hoped. We bagged the two top positions in the university. I learnt later that I lost the top rank to my good friend T.S Balagopal by just one mark! Unlucky 13.

That was a turning point. I realised that if I lost the top rank by just a mark, maybe I could get it the next year. The second year started with we as 'seniors' as the second batch of students joined the college. One more year we spent surveying the roads of Chembukavu and visiting the workshop of MTI and learning Thermodynamics from Prof. M.P. Mathew and electric motors from Prof. V.S. Nair and at the end of the year I managed to get the First Rank, perhaps due to the change in Register No. to 417!

The third year started in 1960 with the three branches separated. We left Chembukavu and moved to the present campus. Only the main building and one hostel block were ready. Laboratory buildings were still under construction or equipments were being installed. We had to go to Trivandrum to use their hydraulic lab for our classes. Instead of roads of Chembukavu, we surveyed roads of Ramavarmapuram. We learnt about roads and railways, and docks and harbours and Arthur Morley's Theory of Structures. At the end of the year I could still retain my ranking.

The next year saw the college filled to capacity. Being the last year for us we were all trying to do our best. We spent days in surveying and laying out curves and nights in observing stars, trying to determine the Latitude and Longitude of our College. We learnt to do complex and complicated calculations using 7-figure log tables. At the end of the year, the unlucky 13 came to haunt me with a new Register No. 319. The final examination was to be held in March 1962. A farewell party to the seniors (us) was scheduled in February on a day on which another kind of party was also scheduled by 8 planets of the universe, the 'Ashtagraha Yoga' (conjunction of 8 planets). Astrologers all over the country had been predicting all sorts of disaster to follow the event. If that was a very rare event, our party was the rarest. The college will never again see in its life time another farewell party to its first batch.

The farewell party went off well. The only thing that I remember about the party was the applause received at the end of the reply-speech on our behalf given by Sreedharan Nair. At the end of the party everybody seemed to have lost something or other.

Fortunately for me, the unlucky 13 didn't stand in my way and I could retain my position. A provisional certificate was issued on 29.6.1962 by the University certifying that I have passed the examination. The formal certificate that I have been "admitted to the Degree of Bachelor of Science (Engineering)" was handed over during the convocation held in November 1962.

Thus my father's vision and dream were fulfilled and I became an Engineer. In July 1962 I joined the College as Assistant Lecturer and in November as Lecturer, perhaps the first alumnus to join the College.

# DECEPTIVE NOSTALGIC EUPHORIA

SREYUS PALLIYANI

I love her but I don't like her. We had been married for nearly 2 years. Ours was one of those impulse love stories when you just know that you have to marry that person when you see them. And we were as impulsive as we were young. Our youth didn't obstruct our passionate romance.

We were engaged, we were married. We were inseparable. But then……

But then began the tiny things………

The incidents themselves were not isolated. At first, I would ignore them to be the rambles of an immature young girl. But then, it would not assuage over time.

The first time I lost it was when I bought that expensive shirt. I nearly threw a tenth of my salary down the drain that day. I felt guilty even wearing it. But the silk and my skin felt so good and not to complement myself, I did look strapping. I couldn't hold my excitement as I wanted her to behold the majestic view as well.

I exhibited myself to my better half accessorizing my best smile.

"What do you think?" I asked expecting her to praise me to the clouds.

"It looks amazing on you!" she replied. I smiled humbly inciting that I had nothing to do with my good looks, but it was all God.

But my smile was ephemeral.

She followed up her complement with, "You look just my daddy now. The colour matches your eyes!"

Although I realized that she was not mocking me, and that her excitement was for genuine appreciation of her dad's style and my close encounter with it, it annoyed me deeply.

"I don't want to seem like your old man!"

That was the last I saw of the garment. Come to think of it, I still hate that shirt and her words executed at an earlier time would have saved me a lot of money.



**The author was part of the 13 CE batch & secured fifth rank. He published his first book, a thriller novel, in 2016**

The next incident was a few months later when I got my haircut. It was supposed to be one of those hipster cuts that the college kids were donning those days. The barber even said I looked dashing and, so I tipped him a little extra.

I went straight home to show my love, well my wife, the mane.

"Oh babe," she began as I twinkled, "Wow! Just wow! I love it! You look just like my brother. He just got the cut last week when he came home for the holidays."

Needless to say, I trimmed my hair the next day.

Her antiquities were overwhelming me. And not pleasantly.

Perhaps it was my childishness too, but my wife was beginning to annoy me.

We began having frequent fights. Sometimes they would last a day, sometimes a week. But despite everything, we continued to stay with each other.

I had been increasingly affected by similar feelings for a while. Some days it would reach the point where I would open my bag and get ready to pack my things and leave. I would stop. Not because I realized that I possibly couldn't leave my own house, but a single feeling of deceptive nostalgic euphoria would tie me down with a smile.

But that particular morning, was different.

It marked our anniversary and as part of the occasion, I wanted to do something out of the ordinary. Granted we had our problems, and we were sure that we would split up soon, but the both of us still remained.

I had decided to shave off my 1-year old beard. It was a hard decision, but I decided to welcome the change.

I had walked over to surprise her while she diced vegetables in the kitchen.

She let out a slight scream on first sight as she covered her mouth with her hands. Slowly, she began to feel my hairless chin with the innocent giggle of a child that always made my heart skip a beat.

"You kind of look like my uncle now," she said cheerfully.

Contrary to her feelings, it pissed me off and my heart rate elevated again.

"I always have to look like someone, don't I?" I shouted back.

"Why can't you ever see me for who I am? Sometimes I have to look like your brother, sometimes your uncle, sometimes your dad……why can't you see me as your husband for a change? God!"

She did not say a word but began her never ending sobs.

I walked out of the room unaware of my unwarranted outburst's impact.

I packed my bags justifying my actions with her wrongs from the past. As I had everything put away in my suitcase, I picked it up, ready to leave. I walked down the stairs and made my way to the main door.

She called my name.

I turned around to look at her face, all red now from the tears.

"Why did you even marry me?" I asked tired.

She paused before she replied, "Maybe I married you because you never had a stranger's face……"

# DEATH OF A REVOLUTION

VISHNU PRASAD

You need petrol, I told myself.

It was around 11pm and I had a couple more hours to spend in the office. My mind zoned back to that thin black needle on my yellow scooter that had stealthily crept onto the red line, indicating there was nothing but air in the fuel tank. I had just about enough to get back home, I calculated. But get petrol, I told myself. Why leave anything to chance?

I sat staring blankly at my computer for half an hour when something that I saw or read — I don't remember what — triggered that pesky hormone inside your head that takes you back in time. This time, this biological time machine took me back to college, when I was a crazy hot-headed teenager, marching and shouting in the middle of one of those political rallies, declaring war against whoever dared to take me on.



**The author was part of the 2010 ME batch and is currently working with The New Indian Express as a journalist.**

I had been a member of the Student's Federation of India during the four years that I spent in college, though my interest had waned in the final two. But on that warm humid night, a full six years after my college had sent me out to face the world all by myself, all those slogans came back to me, a voice leading a hundred others, all of them existing simultaneously inside me, to the rhythm of my beating heart.

**Let the white flag fly high, and as you watch it, let the blood inside you boil...**

I marvelled at the life that those lines oozed, more than what a lot of people would ever be possessed with. Oh! The romantic notion of a generation that went to war with poetry on their lips! It was then that I realised why the great kings of history kept on needlessly expanding their empires. Soldiers needed battles to fight. There was nothing more frustrating than being in a peacetime army.

**Let a stream of blood colour the sand red, let a thousand such streams form a river...**

More and more of those unrealistically glorious battle cries came rushing back to me as I prepared to wrap up the day. It was then that a colleague of mine came and asked me if I could drop him home. The protest march, going on inside me, was only half-way through when we started on my scooter, him sitting behind, listening to my stories of how we used to spew poetry in anger. I painstakingly translated each line into English, though I am not sure how much of it, he processed or even heard, for the wind was stealing half the words from my monologue.

**Let a thousand rivers form a sea, and at the raging sea, let hunting dogs bark..**

My colleague safely home, I found myself all alone with an equally lonely road in front of me. I had resisted the urge to go back fully in time for hours. The warm breeze, always tempting me into things that I shouldn't do, whispered in my ear to forget myself. A lot of people still blame the snake for Eve eating the apple, but I have my suspicions that it was the breeze. I am yet to come across anything more persuasive.

All of a sudden, I was no longer on a scooter. I was on a road that I had strode on once, surrounded by trees and buildings who knew me once, flanked by faces, a lot of whom I no longer remembered, but in whose presence, I felt like I had suddenly recaptured a lot of what I had lost. I was younger, thinner and stupider. For reasons that I could not fathom, I was angry, and my anger spilled over from my veins and spread out in a thin film under my skin, causing it to burn. I shouted myself hoarse, warning everyone that I was coming — that rich landlord that had made life insufferable for every soul who had fallen under his shadow a century ago, every American president since the Second World War, a crooked ruler who had broken the bones though not spirits of comrades decades before I was born, oppressors in far-away countries that I was never going to set foot in, oppressors in nearby classrooms, parents who had shackled their children with leftover dreams from their youth and God, who crafted men in His image and borrowed inspiration for the world around Him from His worst nightmares. I was coming for all of them.

I shouted the slogans of my youth at the top of my voice, as the wind goaded me and my comrades on.

**Let our enemies fire at us mercilessly, but no, there shall not be a step backward...**

All of a sudden, my scooter spluttered and coughed like an old man dying of tuberculosis in his final few minutes. After a few dying gasps of air, it came to a standstill. I took a minute to come back into the present, where I was alone again, the darkness of the night and a lonely road for company. Even the breeze, its mischief now done, had forsaken me.

The revolution had died an abrupt death.



Illustration by Dipti Kamath, 2012 CE

GEC'S OWN NEWSPAPER



# അകവും പുറവും ചമയ്ക്കുന്നവർ

CS MEENAKSHI

അകവും പുറവും സൃഷ്ടിക്കാൻ കഴിവുള്ളവരാണ് സിവിൽ എൻജിനീയർമാർ. നമുക്കൊക്കെ ഉണ്ണാൻ, ഉറങ്ങാൻ വർത്തമാനം പറഞ്ഞിരിക്കാൻ മറ്റു ദിനചര്യകളനുഷ്ഠിക്കാൻ ഒക്കെ സൗകര്യങ്ങളുള്ള സുഖസുന്ദരങ്ങളായ അകങ്ങൾ നിർമ്മിക്കുന്ന അവർ തന്നെയാണ് മണ്ണും പുഴയും താഴ്വാരവുമെന്ന് വിവിധങ്ങളായ വിതാനസൃഷ്ടികൾ ചെയ്ത് മനോഹരവും പ്രയോജനപ്രദവുമായ പുറങ്ങളും ഉണ്ടാക്കുന്നത്. സഞ്ചരിക്കാൻ നിരത്തുകൾ, പുഴ കടക്കാൻ പാലം, കളിമൈതാനങ്ങൾ, വിമാനത്താവളങ്ങൾ അണക്കെട്ടുകൾ തുടങ്ങി എത്രയെത്ര പുറംസൃഷ്ടികൾ! ഏതു കാട്ടിലും മേട്ടിലും മരുഭൂവിലും മഞ്ഞുമലകളിലും ആദ്യമെത്തി മറ്റുള്ളവർക്കെത്തിച്ചേരാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നത് സിവിൽ എഞ്ചിനീയർമാരാണ്. അതിനുശേഷമേയുള്ളൂ ഫോണും വൈദ്യുതിയും കമ്പ്യൂട്ടറുമെല്ലാം. അങ്ങനെ സിവിൽ എഞ്ചിനീയർ സ്ഥലകാലങ്ങളുടെ ഒരു പുനഃസൃഷ്ടി നടത്തുന്നുണ്ട്.

മനുഷ്യസംസ്കാരത്തിന്റെ ചിട്ടപ്പെടുത്തപ്പെട്ട മുറകൾ തുടങ്ങുന്നതെവിടെയാണ്? വേട്ടയാടി ഭക്ഷണം കണ്ടെത്തിയിരുന്ന മനുഷ്യൻ കൃഷി ചെയ്യാൻ ശീലിച്ചു. അപ്പോൾ മുതൽ അലഞ്ഞു തിരിയുന്ന ശീലമുപേക്ഷിച്ച് സ്ഥിരതാമസം തുടങ്ങി. തുടക്കത്തിൽ ഗുഹകളിലും മരപ്പൊത്തുകളിലും അഭയം തേടിയിരുന്ന മനുഷ്യർ പിന്നെപ്പിന്നെ ഇലകൾ, വൈക്കോൽ, മരക്കഷ്ണങ്ങൾ, മണ്ണ്, കല്ല് തുടങ്ങി പ്രകൃതിയിൽ സുലഭമായിരുന്ന വസ്തുക്കൾ കൊണ്ട് അകങ്ങളുണ്ടാക്കാൻ പഠിച്ചു. ബിൽഡിംഗ് ടെക്നോളജിയുടെ ആരംഭം. കൃഷിക്ക് വേണ്ട വെള്ളം പോരാതെ വന്നപ്പോൾ ഉള്ളിടത്തു നിന്ന് ചാലു കീറി കൊണ്ടു വരാൻ തുടങ്ങി. ഇറിഗേഷൻ എഞ്ചിനീയറിംഗ് ഉരുത്തിരിയുകയായി.ചരിത്രം പഠിക്കുമ്പോൾ രാജാക്കന്മാരുടെ നേട്ടങ്ങളായി നാം ഉരുവിട്ടിരുന്നതെന്താണ്? ജലസേചനത്തിനായി കുളവും കിണറും പണിതു, തോടുകളും കനാലുകളും വെട്ടി.



The author was part of the 1984 Civil Engg batch. She is the author of Bhoumachapam

മനുഷ്യസംസ്കാരത്തിന്റെ സാങ്കേതികവിദ്യയുടെ ആദ്യത്തെ അടയാളപ്പെടുത്തലാണ് ഇറിഗേഷൻ കനാലുകൾ! പത്തൊമ്പതാം നൂറ്റാണ്ട് യൂറോഅമേരിക്കൻ രാജ്യങ്ങളിൽ നിർമ്മാണമേഖലയിൽ അത്ഭുതം നടന്ന കാലഘട്ടമാണ്. ൧൮൬൯ൽ General Lake Lodes ഉം Barge canals ഉം വന്നു മുൻപ്. എന്നാൽ അതിനുമെത്രയോ മുൻപ്, എ ഡി ഒന്നാം നൂറ്റാണ്ടിൽ തന്നെ




ലോകത്തിലെ തന്നെ വിസ്മയമെന്നു പറയാവുന്ന ഒരു ജലസേചനസംവിധാനം നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിലവിലുണ്ട്. ചോളരാജാവായ കരികാലചോളന്റെ കാലത്ത് പണിത, ബ്രിട്ടീഷുകാർ Great Anicut എന്നു പേരിട്ടുവിളിച്ച തമിഴരുടെ കല്ലണൈ ഇന്നും പ്രവർത്തനക്ഷമമായിരിക്കുന്നു.

൧൯൧൬ൽ മരിച്ചു പോയ, Bostonകാരനായ Percival Lowell എന്ന പ്രശസ്ത ജ്യോതിശാസ്ത്രജ്ഞൻ ചൊവ്വയിൽ കൃത്യമായ രൂപത്തിൽ രൂപകൽപ്പന ചെയ്ത കനാലുകൾ ദൂരദർശിനി വഴി കണ്ടതായി രേഖപ്പെടുത്തുകയും അതുകൊണ്ടു തന്നെ അവിടെ ബുദ്ധിയുള്ള ജീവികൾ (അവരെ മനുഷ്യർ എന്നു വിളിക്കാമോ?) ജീവിച്ചിരിക്കുന്നുണ്ടാവാം എന്നു വിശ്വസിക്കുകയും ചെയ്തു. ചൊവ്വയിലെ ധ്രുവപ്രദേശങ്ങളിൽ ഉറഞ്ഞുകിടക്കുന്ന വെള്ളം മധ്യഭാഗത്തേക്ക് കനാൽ വെട്ടിക്കൊണ്ടുവരികയായിരിക്കാം എന്നദ്ദേഹം വിശ്വസിച്ചു. പിന്നീട് ശാസ്ത്രം പുരോഗമിച്ചപ്പോൾ കൂടുതൽ ശക്തിയുള്ള ദൂരദർശിനികൾ വന്നപ്പോൾ അതെല്ലാം തെറ്റാണെന്നു തെളിയിക്കപ്പെട്ടു. പക്ഷെ പ്രസക്തമായ കാര്യമിതാണ്

മറ്റൊരു സിവിൽ എഞ്ചിനീയറിംഗ് ഉദ്യമമായ കനാലുകൾ ധിവികാസത്തിന്റെ, സാങ്കേതിക വിദ്യാവളർച്ചയുടെ ഒരു നാഴികക്കല്ലായിട്ടാണ് ശാസ്ത്രലോകം കരുതുന്നത്. നിത്യേന നാം സഞ്ചരിക്കുന്ന നിരത്തുകളുടെ വിതാനം, വളവ്, തിരിവ്, ഒടിവ്, തീവണ്ടിപ്പാതകളുടെ, വിമാനത്താവളങ്ങളുടെ രൂപകല്പന, സംവിധാനം, നിർമ്മാണം എല്ലാം സിവിൽ എഞ്ചിനീയറിംഗിന്റെ പരിധിയിൽ വരുന്നുണ്ട്.

ഇനി വെള്ളത്തിന്റെ കാര്യം - അത് കുടിവെള്ളമോ, മഴവെള്ളമോ, പുഴവെള്ളമോ, ഭൂഗർഭജലമോ ആകട്ടെ സിവിൽ എഞ്ചിനീയറുടെ സ്വന്തം കാര്യമാണ്. Aquifer, ground water, surface water, recuperation, percolation fluid mechanics, open channel flow, pipe flow, Bernoulli തത്വങ്ങൾ അങ്ങിനെ വാതകദ്രാവകങ്ങളുടെ ഓളവും ഒഴുക്കും നിർണ്ണയിക്കുന്നതും സിവിൽ എഞ്ചിനീയർ തന്നെ. ഓരോ വീട്ടിലും എത്തുന്ന വെള്ളം കുടിയ്ക്കാനിത്ര, കുളിക്കാനിത്ര, ശൌചാലയത്തിലേക്കിത്ര, സെപ്റ്റിക് ടാങ്ക്, ഡ്രെയിനേജ് സംവിധാനം, ജലശുദ്ധീകരണ ഫിൽട്ടറുകൾ എന്നിങ്ങനെ ജലസംബന്ധിയായിട്ട് സിവിൽ എഞ്ചിനീയർ പഠിയ്ക്കാത്തതും ചെയ്യാത്തതുമെന്തുണ്ട്?

കാല്പനികരുടെ സൌന്ദര്യ സങ്കൽപ്പങ്ങളിലെ മഴ, കാലാവസ്ഥാ പ്രവാചകരെ കബളിപ്പിക്കുന്ന മഴ, കലാകാരൻരുടെ കലാകാരിമാരുടെ ഇഷ്ടവിഷയമായ മഴ. ഇങ്ങനെ കയ്യും കണക്കുമില്ലാത്ത മഴയ്ക്ക് സിവിലെഞ്ചിനീയർക്ക് കയ്യും കണക്കുമുണ്ട്! ജൈവപ്രപഞ്ചത്തിന്റെ കളിത്തൊട്ടിലായ നദീതടങ്ങൾ - സിവിൽ എഞ്ചിനീയർ അവയുടേയും ട്രെയിനറാണ്. പുഴയിലെ ഒഴുക്കിന്റെ ഗതിവേഗങ്ങൾ, ദിശ, അളവ് എല്ലാമളക്കുന്നു. ഉപ്പുവെള്ളം കയറുന്നതു തടയാനുള്ള നിർമ്മിതികൾ പണിയുന്നു. ഇല്ലാത്തവർക്ക് കുടിവെള്ളമെത്തിക്കാൻ അണ കെട്ടുന്നു. തോടുകൾ, കിണറുകൾ, മനസ്സുകൾ നിറയ്ക്കുന്നു.

സിവിൽ എഞ്ചിനീയറിംഗും ബയോളജിയും തമ്മിലെന്ത്? Environmental Engineering, Potability, BOD, COD, വെള്ളത്തിലെ ജൈവഘടകങ്ങളുടെ സാന്നിദ്ധ്യം, അവയുടെ Oxygen Demand ഇതെല്ലാം സിവിൽ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ടത് തന്നെ.

കടലും കടലാടിയും തമ്മിൽ ബന്ധമൊന്നുമില്ലായിരിക്കാം. എന്നാൽ കടലും, സിവിൽ എഞ്ചിനീയറും തമ്മിൽ അടുത്ത ബന്ധമുണ്ട്. ഒരിക്കലും മനുഷ്യഭാവനയ്ക്ക് വഴങ്ങാത്ത ഈ അനന്തത, അടിച്ചുകൊണ്ടേയിരിക്കുന്ന തിരകൾ, കരയെടുത്തു പോകുന്ന കടൽ ( കടലെടുത്തു പോകുന്ന കര) , തീരസംരക്ഷണക്കെട്ടുകൾ തുടങ്ങി കടലുമായി സിവിൽ എഞ്ചിനീയറിംഗിന്റെ ചങ്ങാത്തത്തിന് കാലങ്ങളുടെ പഴക്കമുണ്ട്. Coastal Engineering, Harbour design, Port Design and Formation Tetrapod, കടൽഭിത്തി, കടൽപ്പാലം, പുലിമുട്ട് എന്നീ നിർമ്മിതികൾ എല്ലാം സിവിൽ എഞ്ചിനീയറിംഗിന്റെ സ്വന്തം കാര്യം.

കോണ്ടൂറുകൾ നമ്മെ ലോകത്തെവിടെയുമുള്ള ഒരേ ഉയരത്തിലേക്കാനയിക്കുന്നു. സർവേ ചെയ്യുമ്പോൾ സിവിൽ എഞ്ചിനീയറിംഗ് തത്വചിന്താതലത്തിലേക്കുയരുന്നു. കയറ്റിറക്കങ്ങളുടെ മൂല്യങ്ങൾ കൂട്ടിക്കിഴിച്ചാൽ കിട്ടുന്നത് പൂജ്യം! വലിയ ഒരു ജീവിതപാഠം!

മനുഷ്യജീവിതത്തെ ബാധിക്കുന്ന അടിസ്ഥാനപരമായ എല്ലാറ്റിലും അത് കുടിവെള്ളമോ, മേൽക്കൂരയോ, സഞ്ചാരസൌകര്യമോ ആകട്ടെ - സിവിൽ എഞ്ചിനീയറിംഗിന് അനിവാര്യമായ റോളുണ്ട്. ബസ് യാത്ര മുതൽ വിമാനയാത്ര വരെ അത് നമ്മെ അനുഗമിക്കുന്നു. ചരിത്രമുറങ്ങുന്ന നിർമ്മിതികളിലേക്ക്, സംസ്കാരങ്ങളെ, ജനതകളെ കൂട്ടിയിണക്കിയ തുറമുഖങ്ങളിലേക്ക് അത് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നുണ്ട്. ഇങ്ങിനെ ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന മറ്റേത് എഞ്ചിനീയറിംഗ് ശാഖയാണുള്ളത്? അകത്തിന്റെ അഴകും പുറത്തിന്റെ പൊരുളുമായി അരുളുന്നു സിവിൽ എഞ്ചിനീയറിംഗ്!

# ഓർമ്മകൾ

SANGAMESWARAN MANIKKYAM IYER

വീണ്ടും വീണ്ടും വരവായ് വരവായ്
വീണ്ടും വീണ്ടും വരവായ് പതിയെ
കൊച്ചിളം തെന്നൽ ഈ കവിളിണകളിൽ തഴുകവേ
ശ്രുതിമധുരമീസ്മരണകൾ സാന്ത്വനമേകവേ

ധന്യമീ നം സുരഭിലജീവിതം
അലകടൽ പോലെ ആർത്തലച്ചു ഇരമ്പവേ
ഓർമ്മകൾ മായുന്നുവോ
പൂത്തിങ്കൾ പോലെ ഓർമ്മകൾ തെളിയവേ
ഓർമ്മയാമീ ജീവിതം സുന്ദരം നിശ്ചയം
ക്ഷണികമാമീ ജീവിതത്തിൻ ഏടുകൾ മറിയവേ

വീണ്ടും വീണ്ടും വരവായ് വരവായ്
വീണ്ടും വീണ്ടും വരവായ് പതിയെ
കൊച്ചിളം തെന്നൽ ഈ കവിളിണകളിൽ തഴുകവേ
ശ്രുതിമധുരമീസ്മരണകൾ സാന്ത്വനമേകവേ

അനന്തമാമീ ജീവിതമോഹങ്ങൾ
നീലാകാശം പോലെ പടർന്നു നിൽക്കവേ
മോഹങ്ങൾ പായുന്നുവോ
മോഹമുള്ളുകൾ മനസ്സിൽ തറയവേ
മോഹമാമീ ജീവിതം ഒഴുകണം നിശ്ചയം
ക്ഷണികമാമീ ജീവിതത്തിൽ ഓർമ്മകൾ നിറയവേ

വീണ്ടും വീണ്ടും വരവായ് വരവായ്
വീണ്ടും വീണ്ടും വരവായ് ഓർമ്മകൾ
കൊച്ചിളം തെന്നൽ ഈ കവിളിണകളിൽ തഴുകവേ
ശ്രുതിമധുരമീസ്മരണകൾ സാന്ത്വനമേകവേ

വീണ്ടും വീണ്ടും വരവായ് വരവായ്
വീണ്ടും വീണ്ടും വരവായ് ഓർമ്മകൾ



The author is from the 95 EC batch and is a cyber-security specialist based in Toronto. He was honoured by Canadian Govt for his efforts in leading the Cyber Security Awareness & Digital Privacy Campaign



Sketch by Dhanyasri Janardhanan, 2000 EE. She was VLSI engineer at GDA Technologies and is freelancing as a digital artist

# റിമൈന്റർ

NAVEEN S

'പത്തൊക്കെ ഏത് കാലത്തെ ചാർജ്ജാ സാറേ... ഇങ്ങളേത് ലോകത്താ?'

തിങ്ങി നിൽക്കുന്ന സ്ത്രീകൾക്കിടയിൽ കമ്പിയും ചാരി ഇളിച്ചു കൊണ്ട് നിൽക്കുന്ന കണ്ടക്ടറിന് നേരെ പത്ത് രൂപ കൂടി നീട്ടുമ്പോൾ ഞാനോർത്തു - ശരിയാണ്; എത്ര കാലമായി കാണും ബസിൽ യാത്ര ചെയ്തിട്ട്. വീട്ടിൽ തന്നെ കാറുകൾ രണ്ടാണ്. കൂടാതെ ഓഫീസ് ക്യാബും. പിന്നെന്തിന് ബസ്സിൽ പോകണം. അതിനാൽ ബസ് ചാർജ്ജ് കൂടിയതൊന്നും അറിഞ്ഞിട്ടില്ല. അല്ലെങ്കിലും ഓഹരി സൂചികയിലെ ഏറ്റക്കുറച്ചിലുകളല്ലാതെ മറ്റൊന്നിന്റെയും വില വ്യതിയാനങ്ങൾ കാര്യമായി ശ്രദ്ധിക്കാറില്ല.

ആറ് മണിക്കു മുമ്പെ സർവ്വീസ് ചെയ്ത് വണ്ടി തിരിച്ചെത്തിക്കണമെന്ന് രാവിലെ എടുത്ത് കൊണ്ട് പോവാൻ ഓഫീസിൽ വന്നയാളോട് പറഞ്ഞതാണ്. വൈകിട്ട് വണ്ടി കാണാത്തതിനാൽ വിളിച്ചു നോക്കിയപ്പോഴാണ് പണി കഴിഞ്ഞിട്ടില്ലെന്ന് അറിഞ്ഞത്. നാളെയെ കിട്ടുവത്രെ. ചൂടായപ്പോൾ അവരുടെ വക കുറെ 'ടെക്നിക്കൽ' ന്യായീകരണങ്ങളും. സർവ്വീസ് സെന്ററിന്റെ കസ്റ്റമർ കെയറിലേക്കയച്ച കംപ്ലയിന്റ് മെയിൽ പോയിട്ടില്ലേയെന്ന് ഒന്ന് കൂടെ ഉറപ്പ് വരുത്തി. ടാക്സി ഡ്രൈവർമാരുടെ മിന്നൽ പണിമുടക്ക് കാരണം ഓഫീസിലെ സ്ത്രീ ജനങ്ങളെ വീട്ടിലെത്തിക്കാനായി ഓഫീസ് ക്യാബ് വിട്ടു കൊടുക്കുകയും ചെയ്തു. ഏതായാലും റോയിയുടെ കൂടെ സ്റ്റാൻഡ് വരെ പോകാൻ തോന്നിയത് നന്നായി. ബസിൽ സീറ്റ് കിട്ടി.

ബസിൽ കാല് കുത്താനിടയില്ലാത്ത തിരക്കാണ്. സീറ്റിനരികിൽ ഒരു സ്ത്രീയാണ് നിൽക്കുന്നത്. മുകളിൽ കൈയെത്തിച്ച് പിടിക്കാൻ മാത്രം ഉയരമില്ലാത്തതിനാൽ എന്റെ മുന്നിലെ കമ്പിയിൽ പിടിച്ചാണ് അവരുടെ നിൽപ്പ്. ഇടത് കൈയ്യിലെ വലിയ സഞ്ചിയിൽ ഭാരമുള്ളതെന്തോ ആവണം; ബാലൻസ് തെറ്റി ഇടക്കിടെ അവരെന്റെ മേലേക്ക് ചായുന്നുണ്ട്. യൂണിഫോം കണ്ടിട്ട് ഏതോ പെട്രോൾ പമ്പിലെ ജോലിക്കാരിയാണ്. പാതിയിലേറെ നരച്ചു കഴിഞ്ഞ മുടിയിൽ വാടിക്കരിഞ്ഞ മുല്ലപ്പൂമാല ഞാന്നു കിടക്കുന്നു. വിയർപ്പിന്റെയും പെട്രോളിന്റെയും മുല്ലപ്പൂവിന്റെതും ചേർന്ന് രൂക്ഷമായ ഗന്ധം മൂക്കിലേക്ക് അടിച്ചു കയറുന്നുണ്ട്.

എന്റെ മുഖത്തോട് ചേർന്ന് കിടക്കുന്ന അവരുടെ ഹാന്റ്ബാഗിൽ കിടന്ന് മൊബൈൽ കരഞ്ഞു വിളിക്കാൻ തുടങ്ങിയിട്ട് നേരം കുറച്ചായി. ഏതോ ക്രിസ്തീയ ഭക്തി ഗാനമാണ്. ബാഗിലേക്ക് നിസ്സഹായയായി നോക്കുന്നതല്ലാതെ ഫോൺ എടുക്കാൻ അവർക്ക് സാധിക്കുന്നില്ല. ബസ് അടുത്ത സ്റ്റോപ്പിൽ നിർത്തിയപ്പോൾ കമ്പിയിലെ പിടി വിട്ട് ഒരുവിധം ബാഗ് തുറന്ന് അപ്പോഴും നിലവിളിച്ചു കൊണ്ടിരുന്ന മൊബൈൽ അവർ പുറത്തെടുത്തു. അതോടെ ഉച്ചസ്ഥായിയിലായ നിലവിളി കേട്ടിടത്തേക്ക് തിരക്കിനിടയിലൂടെ പല കണ്ണുകളും നീണ്ടു.

'മോനേ അമ്മച്ചി ബസിലാടാ...ഇപ്പോ വരാടാ. ഓ... വാങ്ങിച്ചിട്ടുണ്ട്. നീയൊന്ന് സമാധാനപ്പെട്...'

ബസ് പെട്ടന്ന് എടുത്തതോടെ അവർ ബാലൻസ് തെറ്റി മറിഞ്ഞു വീണു.

'അയ്യോ... സോറി... സോറി...'

കമ്പിയിൽ പിടിച്ച് എങ്ങനെയൊക്കെയോ എണീക്കുന്നതിനിടയിൽ അവർ ആരോടെന്നില്ലാതെ ഉരുവിട്ട് കൊണ്ടിരുന്നു. തെറിച്ചു പോയ ഫോൺ രണ്ടു മൂന്നു ഭാഗങ്ങളായി ആരോ എടുത്ത് കൊടുത്തു.

'ആ സാറായിരുന്നോ...ഞാൻ കണ്ടില്ലായിരുന്നു'

വീണിടത്ത് നിന്നെണീറ്റ് കമ്പിയിൽ പിടിച്ച് നിലയുറപ്പിക്കുന്നതിനിടയിലാണ് എന്നെ നോക്കി നിറചിരിയോടെയവർ ചോദിച്ചത്.

'സാറിനെന്നെ മനസ്സിലായില്ലേ? ഞാനാ കോളേജ് പടിക്കലെ ഇൻഡ്യൻ ഓയിൽ പമ്പിലെയാ.. സാറ് സ്ഥിരം അവിടുന്നല്ലേ പെട്രോളടിക്കുന്നേ...'

സാമാന്യം ഉറക്കെയാണവരുടെ സംസാരം.ചുറ്റുമുള്ളവർ ശ്രദ്ധിക്കുന്നത് കണ്ട് ഞാനൊന്നു പരുങ്ങി. മറുപടി ഒരു ചിരിയിലൊതുക്കി.



The author, from 09 ECE, served as the general secretary of the College Union during 2008-09. He is now employed as a deputy manager with SBI in Bangalore. He has published a collection of poems titled 'Gulmohar Thanalil'

'അല്ല ഇന്ന് കാറെടുത്തില്ലേ?' അവർ വിടാൻ ഭാവമില്ല.

'ഇല്ല, സർവ്വീസിന് കൊടുത്തതാ.'

തുടർന്നുള്ള സംഭാഷണം ഒഴിവാക്കുവാനായി പോക്കെറ്റിൽ നിന്നും മൊബൈലെടുത്ത് എന്തോ പരതി തുടങ്ങി.

അവർ പറഞ്ഞത് ശരിയാണ്. ആഴ്ചയിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും ആ പമ്പിൽ കേറാറുണ്ട്. എന്നാലെന്തോ അവരുടെ മുഖം തീരെ ഓർത്തെടുക്കാനാവുന്നില്ല. അല്ലെങ്കിലും ഇപ്പോൾ ഇടക്കിടെ മാറുന്ന ഡിപി യും പ്രൊഫൈൽ പിക്കുമൊന്നുമല്ലാതെ മുഖങ്ങളൊന്നും മനസ്സിൽ തങ്ങാറില്ല എന്നതാണ് സത്യം.

'മോനുള്ള ക്രിക്കറ്റ് കിറ്റാ സഞ്ചീല്. ഓനാ ഈ വിളിച്ചോണ്ടിരിക്കുന്നേ. ഇന്നേം നോക്കി ഇപ്പം പടിക്കല് നിക്കുന്നുണ്ടാകും ചെക്കൻ'

ബസ് ഏതോ സ്റ്റോപ്പിൽ നിന്നപ്പോൾ കമ്പിയിൽ പിടിച്ചിരുന്ന കൈയ്യൊന്ന് നിവർത്തി കൊണ്ട് അവർ പറഞ്ഞു. അന്നേരം ലോകം കീഴടക്കിയ ഒരു പോരാളിയുടെ ഭാവം ആ മുഖത്തുണ്ടായിരുന്നു.

'നല്ല കനൊണ്ട് സാധനത്തിന്. അതെ പോലെ തന്നെ വെലേം. ആവതുണ്ടായിട്ടൊന്നല്ല സാറേ.' 'ഇതന്നെ അടുത്ത മാസത്തെ ശമ്പളത്തിന് കൊറച്ച് അഡ്വാൻസായി വാങ്ങീട്ടാ തെകഞ്ഞേ. അച്ഛൻ ഇല്ലാണ്ട വളർന്ന കുട്ട്യാ. എന്നാ ഓനും അയിൻറെ തരം വിട്ട് പെരുമാറീട്ടില്ല. ഇന്റെ ബുദ്ധിമുട്ട് കണ്ടാവണം ചെറുപ്പത്തിലെ വലുതായ പോലെയാ ചെക്കൻ. സാറിനറിയോ, ഇതാ ഓനിന്നോട് ആദ്യായിട്ട് ആവശ്യപ്പെട്ട ഒര് കാര്യം. അതന്നെ കഴിഞ്ഞാഴ്ച്ച ഓന്റെ പിറന്നാളായിട്ട് ഞാനത്രേം നിർബന്ധിച്ചിട്ടാ. പിന്നെ മാഷന്മാരും ഓന്റെ കൂട്ടാരന്മാരൊക്കെ പറേണത് ഓൻ നല്ലോണം കളിക്കുന്നാ. ജില്ലാ ടീമിലേക്ക് കിട്ടീണ്ടത്രേ. എന്തോ അറീല്ല. എന്നെ കൊണ്ട് ചെയ്യാനാവുന്നത് ചെയ്ത് കൊടുക്കന്നെ.'

അവരുടെ കണ്ണുകൾ നിറഞ്ഞതായെനിക്ക് തോന്നി. കാറ്റിൽ എന്റെ മുഖത്തേക്ക് പാറി വീഴുന്ന അവരുടെ മുടിയിഴകൾക്ക് അപ്പോൾ മാത്രം വിടർന്ന മുല്ലപ്പൂവിൻറെ സുഗന്ധം.

ഞാനോർക്കുകയായിരുന്നു. മൂന്ന് നാല് ദിവസങ്ങളായി ഒന്നാം ക്ലാസുകാരൻ മകൻ ആവശ്യപ്പെടുന്നതാണ് ഒരു കളർ പെൻസിൽ ബോക്സ്. വരുന്ന ഞായറാഴ്ച്ചയിലെ ഏതോ ഡ്രോയിങ്ങ് കോമ്പറ്റീഷന് വേണ്ടിയാണത്രേ. ദിവസവും രാവിലെ കാറിൽ കയറി പുറപ്പെടും വരെ പുറകിൽ വന്ന് ഓർമ്മപ്പെടുത്തും.

എന്നാലും വൈകിട്ട് തിരിച്ചെത്തുമ്പോൾ ഗെയ്റ്റിൽ തന്നെയും കാത്ത് നിൽക്കുന്ന അവന്റെ പ്രതീക്ഷ മുറ്റുന്ന കണ്ണുകൾ കാണുമ്പോഴേ ഓർമ്മ വരാറുള്ളൂ. മേലധികാരികളാലും സഹപ്രവർത്തകരാലും പുകഴ്ത്തപ്പെടുന്ന എന്റെ ഓർമ്മശക്തിയെ ഓർത്ത് എനിക്ക് ചിരി വന്നു.

ഇല്ലെന്ന് പറഞ്ഞാലും കാറിൻറെ ഡേഷ് ബോർഡ് മുഴുവൻ തപ്പിയാലെ അവന് വിശ്വാസമാവുകയുള്ളൂ. നിറകണ്ണുകളോടെ കിടപ്പ് മുറിയിലേക്ക് പോകുന്ന അവന്റെ മുഖം, കാണാതിരിക്കാനായി ഞാൻ മുറിയിൽ കയറി വാതിലടക്കും. സ്ക്രോള് ചെയ്ത് തള്ളിയ വാട്സപ്പ് സന്ദേശങ്ങൾക്കിടയിൽ നിന്നും ഭാര്യയുടെ ഫോണിൽ നിന്നും മകനയച്ച റിമൈൻററുകൾ ഞാൻ പരതിയെടുത്തു.

അടുത്ത സ്റ്റോപ്പിൽ നിർത്താനായി ബസ് സ്ലോ ചെയ്തപ്പോൾ പതുക്കെ എണീറ്റു.

'സാറിന്റെ സ്ഥലം ഇവിടാണോ?'

സീറ്റിലേക്ക് ഊർന്നിറങ്ങുന്നതിനിടയിൽ ആ സ്ത്രീ ചോദിച്ചു.

'അല്ല. ഇവിടൊരാളെ കാണണം'

ടൗണിലേക്കുള്ള ബസും കാത്ത് സ്റ്റോപ്പിൽ നിൽക്കുന്ന എന്റെ മനസ്സ് നിറയെ ഗേറ്റിലെന്നെയും കാത്ത് നിൽക്കുന്ന മകൻറെ പ്രതീക്ഷ മുറ്റുന്ന കണ്ണുകളായിരുന്നു. എന്റെ മുഖത്തേക്കപ്പോൾ വീശുന്ന തണുത്ത കാറ്റിന് മുല്ലപ്പൂവിന്റെ ഗന്ധമായിരുന്നു.

# FIVE YEARS OF BEATITUDE

NANDAKISHORE VARMA

In 2003, I came back to the Government Engineering College, Thrissur – my alma mater – after a gap of eighteen years to take part in the programme "Alcheme 2003" organised by the Chemical Engineering Department. As I entered the hallowed portals, I was accompanied by the sobering thought that many of the students would not have been born when I passed out in 1985. I was about to meet the next generation.

There was a long line of alumni present, right from the first batch after the inception of Chemical Engineering in the college in 1967 – my previous generation! So in fact, it was a meeting of three generations. The day was spent on stage programmes where the youngsters dazzled us with their talents, interspersed with a sumptuous lunch. Then, after tea, was the main focus of the programme: the interaction between the alumni and the students.

During the interaction, one thing became abundantly clear – the kids wanted to know only about job and business opportunities. If I remember correctly, there was only one question about pollution; none about safety or the pitfalls of industrialisation. This was a huge departure from my college days when the social aspects of engineering dominated the discourse.



The author is from the 85 CHE batch. He has worked for various companies in India and the Middle-East and is presently a safety consultant

When I remarked on it after the meeting, the professors said: the students are like that nowadays. They are intent on their studies. Nobody is much interested in extracurricular activities. Most of them find placement through campus interviews by the time they are in the sixth semester: then it's all about building a career. Even the college union election has become an empty ritual without the fireworks of yesteryears.

I was happy in a sense to hear this – it seemed that the future of technical education was safe. Our college was churning out a bunch of focussed and motivated youth every year to build the India of the future. But somewhere something rankled – whatever happened to our idealistic youth? During our college days, most of us considered ourselves the foot soldiers of an army fighting for a better tomorrow. Today, the young ones were seeing only their lives ahead.

After lunch, I wandered through the corridors (much improved from my college days!) of the institution, searching out the lanes of memory for that bright-eyed youth who entered these gates in 1980, with a head full of ideals and a heart full of dreams. I couldn't find him. From the windowpanes, the bleary-eyed, cynical middle-aged man that I saw every morning in the shaving mirror stared back at me.

Fourteen long years have passed since that day. Engineering has lost much of its sheen due to the proliferation of colleges and global recession. Unemployment is a stark reality. In this scenario, I couldn't help wondering – have our budding engineers started thinking beyond their equations on a page?

In this context, I took a long, hard look at the five years (four officially, stretched out due to course lagging) I spent in this institution. I realised something with what amounted to a shock – engineering was only a very small part of what I learnt during my five years here. There were many things, much more important, which made me what I am today.

It was here, in the hallowed halls of my alma mater, that I learned to read seriously; to disseminate ideas; to form opinions about society and the universe in general. It was here that I learned to write, at first hesitatingly and then with growing confidence. It was here that I first learned to appreciate movies, drama and good literature. It was here that I learned to love.

It was a wide-eyed boy, innocent of the world and its ways, who came in – but it was a man with firm convictions about life and society who left five years later. And I have my college to thank for that.

I believe the current doldrums is a temporary phase. Man's march towards civilisation is inextricably linked with engineering – we have been leading ever since that unknown primitive genius discovered the wheel. And we should continue to lead, keeping the benefit of mankind as our only aim – and not fat pockets.



Sketch by Vivek M, 2016 PE

In the 1983-84 issue of the college magazine which I edited, I had shared the following quote from Albert Einstein from his address to the California Institute of Technology:

"It is not enough that you should understand about applied science in order that your work may increase man's blessings. Concern for man himself and his fate must always form the chief interest of all technical endeavours... in order that the creations of our mind shall be a blessing and not a curse to mankind. Never forget this in the midst of your diagrams and your equations."

Golden words, which every engineer should keep in mind.



A TRIBUTE TO THE NSS OF EARLY 80'S
DR. R. P. R. NAIR

WHAT WERE VERY SPECIAL ABOUT THE NSS UNIT OF OUR COLLEGE DURING THE PERIOD AROUND 1980-84?. ABLE LEADERSHIP, COMMITTED VOLUNTEERS AND NOVELTY IN PROGRAMMES. WHO WAS THE LEADER AND WHO WERE THE ~~E~~ FOLLOWERS?. PROF. K. J. PAUL (PROF. DEPT. OF MECHANICAL ENGG:) AND OUR DEAR STUDENTS. WHAT WERE THE NOVELTIES?. THE ~~PROG~~ PROGRAMMES WERE OF A WIDER RANGE COVERING TECHNO-SOCIAL AND CULTURAL OUT REACH TO ~~COMMON~~ THE GENERAL POPULATION.

PROF. PAUL HAD MADE IT ALMOST MANDATORY THAT ONE FACULTY MEMBER WITH FAMILY SHOULD STAY ~~SHOULD STAY~~ IN A CAMP FOR A FULL DAY. THIS HAD GIVEN A HOMELY TOUCH TO THE CAMP SITE. THE ASSISTANCE IN STUDIES EXTENDED TO THE ACADEMICALLY CHALLENGED STUDENTS OF THE LOCAL GOVERNMENT SCHOOL WAS YET ANOTHER NOVEL VENTURE. IT WAS AN EMPHATIC REMINDER ~~OF~~ OF THE RESPONSIBILY OF THE PRIVILAGED PERSONAL OF HIGHER EDUCATION TOWARDS THE NEEDY, MUCH WANTED AND NEGLECTED CLASS OF OUR SOCIETY.

IN ALL ACTIVITIES, STUDENTS WERE AT LIBERTY TO BE FREE, ~~FRAND~~ FRANK, AND FEARLESS TO EXPRESS THEIR VIEWS. THE MAGNANIMOUS LEADER

AT THE RECEIVING END ALWAYS HAD ACCEPTED THEIR OPENIONS WITH HUMOUR AND AN ENDEARING HEART CAMOUFLAGED IN A SOBER EXPRESSION ~~OUT W~~ OUTWARD. THIS HAD AUGMENTED THE CHANNELISING OF THE RELENTLESS ENERGY OF OUR STUDENTS TOWARDS SOCIAL TRANSFORMATION.

I AM THANKFUL TO THE NSS FAMILY FOR ACCEPTING ME AS ONE AMONG THEM AND THEIR CONTINUED PATRONAGE. PROF. ~~PD~~ PAUL – DEAR PAUL SIR IS NO MORE. THE THOUGHTS OF HIM ARE STILL FRESH IN OUR MINDS AND SHALL ~~REMAIN FOR EVER~~. REMAIN SO FOREVER! ~~BE EVERGREEN~~



The author, known as RPR among students of GECT and many other colleges in Kerala, was a faculty in CE dept from 1966 to 1998. His area of expertise is in Structural Engg. He is also a sports enthusiast.

# IS A TECHNOLOGICAL SINGULARITY IN THE OFFING?



SANTOSH C KURUP

Renjith was a driver for the rental car agency that we contracted for our transport services. Renjith has not passed matriculation, lives with the 'yellow' ration card (BPL card) and comes from the socially backward community. He didn't have any special dreams, except to sleep whenever time permitted! He lived a completely ordinary life and was a classic example of marginalised lives of our country.

Three things changed Renjith's life completely. A significant one was the understanding of financial aspects involved in taxi rental vs taxi ownership, which led Renjith to buy a car and be the driver himself, providing same services to the company where he worked earlier. The other two were Jio launch and demonetization. Jio launch enabled Renjith to shift from feature phone to smart phone. He spent quite a lot of his time learning the nuances of Internet and Android apps. While his early day romance was on YouTube videos and music apps, demonetization forced him look for alternate means of managing his money. With the help of his technology friends, he opened the Internet banking facility and connected it to UPI mode of mobile payments. Renjith also became aware of taxi aggregator Uber and took the licence there. As I write down this, Renjith work for a company during the working days and work as Uber provider during weekends. He knows the value of time and importance of user ratings for getting more calls from Uber apps. He also uses Amazon and flipkarts for small purchases (he believes that high-value purchases should still be made by going to the shop due to the risks involved!)

With technology, Renjith moved into the mainstream and he is a confident entrepreneur who can handle technology with ease and use it for his benefits.

My mother had a request last year, to change her old feature phone with another one. Her only request was to buy the phone with large buttons and one button dialling, so that she can call us easily. As an experiment, we bought her a smartphone. My little daughter explained each of the new features to her; installed WhatsApp and showed its usage. A few days later, she calls and asks for getting it replaced with the old phone itself, as it was becoming very difficult for her to remember all the features. We persevered for a week more; in the meantime we enabled her data connection and our daughters started sending her photos and videos of their school day and other functions. She is now thrilled with the photo and video sharing app! She can also check the balance in her bank. We want to enable her to make all payments through online one day. A homemaker, who never used technology before, is enjoying the newly obtained freedom of seeing the world around, at her fingertips.

The above instances show how technology has enabled two ordinary individuals to experience life differently, that too being completely naïve to technology.

I feel very lucky to have born at a time where we could experience the structured and slow-paced world of the past to a very active, completely connected world of the present. I loved the past, as it gave us a lot of time for personal connects. We were fine to wait for 10 days for a letter to go and return with a reply. We took a lot of time to travel to even nearby places, but in the process, we got acquainted with a lot of people. Every picture we took were based on our intuition that it would turn good, and waiting to see the actual developed photo a few days afterward! Having said that, the connected world of now is equally exciting.

I remember standing behind and peeping through the shoulders of my 'buji' friends to take a look at the Computer that was decked up in the computer lab of GEC Thrissur. Thanks to our dear teachers Santhosh Sir and Sadhique Sir, who exposed us to the computers and it's functioning. We were the lucky few in the non-computer science branch, who could work fairly well on the PC due to the support of our teachers - It is so ironic that I ended up being a professional in the IT industry and had the opportunity to work extensively with computers and IT Systems.



The author is from the 94 EE batch. He is currently the CEO of the ICT Academy of Kerala

For a large period from its inception, Information Technology (IT) remained in the academic world, acting as a tool to support advanced mathematical simulations. In business, IT was a support function or a cost centre department. It was used in processing the internal accounting, HR or procurement activity. In the last decade, for businesses, for common pubic and governments, IT has emerged as an enabler in making lives better. The story of Renjith is not an isolated one in the current world. We see every discipline getting benefitted by the advent of technology. A small but beautiful innovation in the name of 'Nano Ganesh' has helped nearly 400,000 farmers in Maharashtra to irrigate their farmlands remotely, using IOT and GSM phones. The new generation Youtubers achieve fame through online video channels. Facebook is not just a social sharing platform - it brings the authoring power to every individual. Most of the alumni networks are connected through WhatsApp helping to rekindle their erstwhile lost friendships; Smule brought a lot of hidden talents to the main stage… the list can go on!

The future of technology looks even more interesting. Fourth Industrial Revolution will disrupt every field of Engineering using technology. If the current IT is driven by human intelligence, the future will belong to machine administered intelligence! The current paradigms of programming, to set rules for machines will give way to the setting of input data context and allowing the machines to learn and build its own rules. The outcome of such paradigms is unimaginable! IBM Watson is one such case, which claims near accurate diagnosis for commonly occurring human ailments. While the experience of a professional is built over 40 – 45 years of their career in the respective field, machine intelligence can learn from the experience for multiple generations, and keep its memory intact. So a single machine can accumulate many generations of knowledge and can seamlessly share and learn between itself! In another development, Self-healing machines are already being tested successfully by Boeing in their aircrafts; self-driven vehicles can change the transportation sector to a new level – even though commercial transport may take more time, it has huge potential in Airports, farmlands, factories, large installations and theme parks.

We are required to adapt to new order much faster than in the past. Jobs can shrink and rapidly evolve. Students will need to take advantage of the vast knowledge base they have access to and create newer opportunities for themselves. Self-motivation will be the biggest differentiator in this highly competitive world. Institutions should reimagine themselves, as learning centres and less of teaching centres! Teachers should become mentors and focus on applications of Engineering. With more than 60 % of the population still at the bottom of the pyramid, our country needs more frugal solutions for a lot of social problems and educational institutions can drive such solution discovery.

Technology if not used responsibly, can be harmful and can leave an irreversible negative impact on humans and our planet. Teachers and educational institutions should play a key role in grooming students as responsible users of technology.

There is always this million-dollar question on whether the machines will overtake humans! With the exponential rise in machine intelligence, it may so happen that machines of future may seriously challenge the intellectual capabilities of humans. However, human emotions are much more complex; our values and virtues are evolved through unstructured knowledge algorithms that are very unlikely to be cracked. In that future point in time of 'Technical Singularity' as described by the experts, humans may unravel the mysteries and secrets behind life & death!





# ഇവിടെ പിറന്നു..

GAUTAM KRISHNA

പൂരനഗരിക്ക്, ശക്തന്റെ മണ്ണിന് തിലകക്കുറി ചാർത്തിക്കൊണ്ട് 60ാം വയസിലേക്കെത്തി നിൽക്കുകയാണ് ഗവ. എൻജിനിയറിങ്ങ് കോളേജ് തൃശ്ശൂർ. സാധ്യമായ എല്ലാ മേഖലകളിലും വെന്നിക്കൊടി പാറിച്ചുകൊണ്ട്, പ്രതിഭാധനരെ വാർത്തെടുത്തുകൊണ്ട് കുതിക്കുകയാണ് ജി.ഇ.സി. ജി.ഇ.സിയ്ക്കും ഹോസ്റ്റലുകൾക്കും പറയാൻ നിരവധി കഥകളുണ്ട്. വിജയത്തിന്റെ, നിശ്ചയദാർഢ്യത്തിന്റെ, കഠിന പരിശ്രമങ്ങളുടെ, അഭിമാനത്തിന്റെ, സന്തോഷത്തിന്റെ അങ്ങനെ ആയിരമായിരം കഥകൾ. വളർന്നുകൊണ്ടിരിക്കുന്ന പുതുതലമുറയിലേക്ക് കണ്ണ്നടും മുംമ്പേ നമുക്ക് ചരിത്രത്തിലേക്ക് അൽപ്പം തിരിഞ്ഞുനോക്കാം.

അനശ്വര ഗാനങ്ങളിലൂടെ മലയാളികളുടെ ഹൃദയസരസ്സിൽ പ്രണയപുഷ്പം ചൂടിച്ച ശ്രീ. ശ്രീകുമാരൻ തമ്പിയുടെ കാൽസ്പർശത്തിലൂടെ ധന്യമാണ് ജി.ഇ.സി ഹോസ്റ്റലെന്നു പറയുമ്പോൾ ഓരോ ജി.ഇ.സിയൻസും അഭിമാനപൂരിതരാകാറുണ്ട്. 1962-64 കാലഘട്ടത്തിൽ ഹോസ്റ്റലിലെ ആ37ന്റെ അകത്തളങ്ങളിലിരുന്ന് തൂലികയേന്തിയ കവിതയാണ് പിന്നീട് 1976-ൽ അഭിനന്ദനം എന്ന ഐ.വി ശശി ചിത്രത്തിലൂടെ എന്തിനെന്നെ വിളിച്ചു 'നീ വീണ്ടും എന്റെ സ്വപ്നസുഗന്ധമേ' എന്ന ഗാനമായി പുനർജനിച്ചത് എന്നറിയുമ്പോൾ ആ അഭിമാനം ഇരട്ടിക്കുന്നു. കണ്ണൂർ രാജൻ ഈ കവിതയിൽ സ്വരവിന്യാസം തീർത്തപ്പോൾ മലയാളത്തിനു ലഭിച്ചത് അനശ്വരമായ ഒരു പ്രണയഗാനം. ഗാനഗന്ധർവ്വൻ യേശുദാസിന്റെ സ്വരമാധുരികൂടി ചേർന്നപ്പോൾ ഈ



ഗാനം മലയാളക്കര ഏറ്റുപാടി. മലയാള സാഹിത്യത്തിന് പ്രവാസത്തിന്റെ മുറിവുകൾ സമ്മാനിച്ച, 2006-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവ്കൂടിയായ ശ്രീ. ബാബു ഭരദ്വാജ് തന്റെ യൗവ്വനത്തിലെ സുവർണ്ണ നിമിഷങ്ങൾ ചിലവഴിച്ചത് ഈ ഹോസ്റ്റൽ ചുമരുകൾക്കിടയിലാണ്. 70കളിലെ കലാലയ രാഷ്ട്രീയത്തിന്റെയും ആദർശത്തിന്റെയും കാവലാളായിരുന്ന ഇദ്ദേഹം തന്റെ പ്രിയസഖിയെ സ്വന്തമാക്കിയ സുദിനം ആഘോഷിച്ചതും ഈ സർഗഭൂമിയിൽ തന്നെ. ജീവിതാനുഭവങ്ങൾ തുറന്നുകാട്ടിയ ആത്മകഥയിലൂടെ അദ്ദേഹത്തിന് ഹോസ്റ്റലിനോടുണ്ടായിരുന്ന സ്നേഹവും അടുപ്പവും തുറന്നുകാട്ടിയിരുന്നു. ടി.ജി രവി എന്ന പ്രതിഭാധനന്റെ പേരുരുവിടാതെ ജി.ഇ.സിയുടെ ഹോസ്റ്റൽ അധ്യായം ഒരിക്കലും പൂർണ്ണമാകില്ല. 1964ലെ മെൻസ് ഹോസ്റ്റൽ സെക്രട്ടറി കൂടിയായിരുന്ന അദ്ദേഹത്തെ തികഞ്ഞ കലാകാരനായി വളർത്തിയെടുത്തത് നാടകവും സൗഹൃദവും കലയുമൊക്കെയടങ്ങുന്ന ഈ ഹോസ്റ്റൽ വാതായനങ്ങളാണ്.

ഹോസ്റ്റൽ ഇടനാഴിയിലൂടെ നടന്നുനീങ്ങുമ്പോൾ ഓർത്തു പോകുന്ന മറ്റൊരു പ്രതിഭയാണ് ശ്രീ. ജയന്ത് കാമിച്ചേരിൽ. ഹോസ്റ്റൽ സ്മരണകളെ മനോഹരമായി വാക്കുകളിലൂടെ വരച്ചുകാട്ടിയ ലേഖനത്തിലൂടെ ഇദ്ദേഹം ഒരുപാട് വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ആകർഷിച്ചിരുന്നു. ഭാരതത്തിന്റെ ഇതിഹാസ ഗ്രന്ഥങ്ങളായ മഹാഭാരതത്തിനും രാമായണത്തിനും ആഖ്യായിക രചിച്ച് ശ്രദ്ധനേടിയ ശ്രീ. ആനന്ദ് നീലകണ്ഠനും, ദൃശ്യമാധ്യമ രംഗത്തെ സജീവ സാന്നിദ്ധ്യമായ കൈരളി ചാനലിന്റെ ഡയറക്ടറായ ടി.ആർ അജയനും ഈ ഹോസ്റ്റലിലൂടെ വളർന്നുപോയവരാണ്.

ഒരു സാങ്കേതിക കലാലയമായിരിക്കേ, ആ മേഖലയിലെ പ്രമുഖരൊന്നും ഹോസ്റ്റലിൽ ഉണ്ടായിട്ടില്ലേ എന്ന ശങ്ക നിങ്ങൾ പലരുടെയെങ്കിലും മനസ്സിലുണ്ടാവാം. രാജ്യത്തിന്റെ വികസന കുതിപ്പിന്റെ അടയാളമായ മംഗൾയാൻ വിജയകരമായി പൂർത്തീകരിച്ച സമയത്ത് ISROയെ നയിച്ച ശ്രീ. കെ. രാധാകൃഷ്ണന് പഠനത്തിനും വായനക്കുമൊക്കെ അവസരമൊരുക്കിയത് ഈ ഹോസ്റ്റലാണ്. പിന്നീട് പത്മഭൂഷൺ നൽകി രാജ്യം ഇദ്ദേഹത്തെ ആദരിച്ചപ്പോൾ ഈ മണ്ണിലൂടെ കടന്നു പോയവരെത്തി നിൽക്കുന്നത് എവിടെയാണെന്ന് ഓർത്തുപോവുകയാണ്. ലോകശക്തികൾക്കിടയിൽ ഭാരതത്തിനെ പ്രബലമാക്കിയ പല മിസൈൽ ദൗത്യത്തിനു പിന്നിലും ജി.ഇ.സിയുടെ ലേഡീസ് ഹോസ്റ്റലിലൂടെ വളർന്നുവന്ന ശ്രീമതി. ടെസ്സി തോമസിന്റെ കരവും മനസ്സുമുണ്ട്. നിലവിൽ മുഖ്യമന്ത്രിയുടെ സാങ്കേതിക ഉപദേഷ്ടാവും VSSCയുടെ മുൻ ചെയർമാനുമായ പദ്മശ്രീ എൻ. ചന്ദ്രദത്തിനെ വളർത്തിയെടുത്തതും ഈ ഹോസ്റ്റലിന്റെ ശാന്താന്തരീക്ഷമാണ്. നാസയുടെ സീനിയർ എൻജിനിയറായിരുന്ന ശ്രീ. വിദ്യാസാഗർ, റിസർവ് ബാങ്ക് മുൻ ഡെപ്യൂട്ടി ഗവർണർ ശ്രീ. വിത്തൽദാസ് ലീലാധർ, റിലയൻസ് വൈസ് പ്രസിഡന്റ് ശ്രീ. തോമസ് മാത്യു, റിട്ടയേർഡ് എയർവൈസ് മാർഷലും കേരള ഹോക്കി ടീം ഗോൾകീപ്പറുമായിരുന്ന ശ്രീ. പി. കെ കുരുവിള, സാമൂഹ്യപ്രവർത്തകനും രാഷ്ട്രീയ നേതാവുമായിരുന്ന ശ്രീ. വി.ബി ചെറിയാൻ, ഹിന്ദുസ്ഥാൻ പെട്രോളിയം മുൻ ചെയർമാൻ ശ്രീ. അരുൺ ബാലകൃഷ്ണൻ എന്നിവരും ജി.ഇ.സിയുടെ ഹോസ്റ്റലിലിരുന്ന് സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ചവരാണ്.



The author is an S5, EE student. This article appeared in Mathrubhumi Nagram

സമാനതകളില്ലാത്ത സൗഹൃദത്തിന്റെ ഈറ്റില്ലമായ ഈ ഹോസ്റ്റലിൽ ചിത്രീകരിച്ച ചിത്രങ്ങളെല്ലാം വെള്ളിത്തിരയിൽ നിറകൈയ്യടികൾ ഏറ്റുവാങ്ങിയിട്ടുള്ളവയാണ്. തങ്ങളുടെ പിൻഗാമികൾക്കുവേണ്ടി ഇരുന്നൂറോളം ഹോസ്റ്റൽ മുറികൾ താമസയോഗ്യമാക്കിയ ശ്രീമതി. രാജശ്രീയടക്കമുള്ള മുഴുവൻ പൂർവ്വവിദ്യാർത്ഥികളെയും ജി.ഇ.സി.ടി ഡെവലപ്പ്മെന്റ് ട്രസ്റ്റിനെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ലോകമിന്ന് സാങ്കേതിക വിദ്യയുടെ കുത്തൊഴുക്കിൽപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ചരിത്രത്തോട് കൂട്ടിവായിക്കാവുന്ന രീതിയിൽ സമർത്ഥരും പ്രതിഭാധനരുമായ അനേകം പിൻഗാമികളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് ജി.ഇ.സിയുടെ ഈ ഹോസ്റ്റൽ സമുച്ചയങ്ങൾ......



നമ്മെ ചുറ്റുന്ന കറുപ്പും വെളുപ്പും

— മാനസി —

The author writes on women's issues and socio-political themes and has released four short-story collections. She recently translated the Marathi work Stree Purush Thulna, considered to be one of the earliest feminist writings in India



# അധികാരത്തിന്റെ ആകാശചിറകുകൾ

SAVITHA N

മാന്ത്രിക ജീവജാലങ്ങളും ഫെയറികളും അതീവ സ്നേഹത്തോടും സൗഹാർദത്തോടും കൂടി കഴിഞ്ഞതിനാലാവണം മൂഴ്സ് രാജ്യത്തിന് ഒരു ഭരണാധികാരി ഉണ്ടായിരുന്നില്ല. മൂഴ്സിലെ ഏറ്റവും പ്രബലയും ശക്തയുമായ ഫെയറി ആയിരുന്നു ആഞ്ജലീന ജോളി അഭ്രപാളികളിൽ ജീവൻ പകർന്ന മാലിഫിസന്റ് (Maleficient [2014] by Walt Disney Pictures).

സ്വാതന്ത്ര്യത്തിന്റേയും അഭിവാഞ്ജയുടേയും അധികാരത്തിന്റേയും പ്രതീകമായിരുന്നു, മാലിഫിസന്റിന് ചിറകുകൾ. പണ്ട് കാമുകനായിരുന്ന സ്റ്റീഫൻ അധികാരഇച്ഛയിൽ ചതിയിലൂടെ അവളുടെ ചിറകുകൾ മുറിച്ചു മാറ്റുമ്പോൾ, അവൾക്ക് നഷ്ടപ്പെടുന്നത് ആകാശത്തിന്റെ അതിരുകളിലേക്കുള്ള സ്വതന്ത്ര കുതിപ്പ് മാത്രമല്ല, ഉള്ളിൽ ഒളിപ്പിച്ച നിർമല പ്രണയവും നന്മയും കൂടെ ആണ്.

അഭൗമമായ വിഹായസിലേക്കുള്ള യാത്ര മനുഷ്യന് എന്നും കൗതുകവും സാഹസികവും ആയിരുന്നു. മനസിന്റെ പിടിവലികളിൽ പലപ്പോഴും ഭ്രമാത്മകമായ ഒരു ദിവാസ്വപ്നമായി മാലിഫിസന്റിനെ പോലെ ആകാശത്തു കുതിച്ചു പറന്ന് ഹരിതാഭമാർന്ന മലനിരകൾക്കിടയിലൂടെ മേഘങ്ങളെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ സ്വതന്ത്രമായി വിഹരിക്കാൻ ആഗ്രഹിച്ചിട്ടുണ്ട്.

പറക്കലിന്റെ സാങ്കേതികതയിൽ ആകൃഷ്ടയായിട്ടാണ് പ്രശസ്തമായ ഈ കമ്പനിയിൽ വർഷങ്ങൾക്ക് മുൻപ് ഇന്റർവ്യൂവിന് വന്നത്. ഒരാഴ്ച മുൻപ് ഡോ: ഗണപതി വിളിച്ചു പറഞ്ഞിരുന്നു, 'നന്നായി പ്രിപ്പെയർ ചെയ്യണം. അവർ എന്തും ചോദിക്കും'

പതിനാറു നിലകളുള്ള ആ വലിയ കെട്ടിടത്തിന്റെ എട്ടാം നിലയിലായിരുന്നു ഡോ: ഗണപതിയുടേയും സംഘത്തിന്റെയും ഓഫീസ്. ശീതീകരിച്ച ആ വലിയ മുറിയുടെ കോറിഡോറിലൂടെ ഡോ: ഗണപതിയുടെ കാബിനിലേക്ക് നടക്കുമ്പോൾ മനം മടുപ്പിക്കുന്ന വല്ലാത്ത ഒരു നിശ്ശബ്ദത എന്നെ പൊതിഞ്ഞു. കൊച്ചു കൊച്ചു ക്യുബിക്കിളുകളിൽ ശ്വാസം വലിക്കാൻ പോലും മടിച്ച് സ്ക്രീനിലേക്ക് മുഴുകിയിരിക്കുന്ന തലകൾ മറ്റൊന്നും കാണുന്നില്ലെന്ന് ബോധപൂർവ്വം നടിച്ചു കൊണ്ടിരുന്നു. പ്രശസ്തമായ വിമാന കമ്പനിയുടെ ലോഗോയും പോസ്റ്ററുകളും പതിപ്പിച്ച ചുവരുകൾ, ഞാൻ പ്രവേശിക്കാൻ പോവുന്ന ലോകത്തിന്റെ അമ്പരപ്പു മുഴുവൻ ഉൾക്കൊള്ളാൻ പോന്നവയായിരുന്നു.

ഡോ: ഗണപതിയുടെ വിശാലമായ കാബിനിൽ വട്ടമേശക്കു ചുറ്റും ആജാനു ബാഹുക്കളായ നാലഞ്ചു പേർ എന്നെ പ്രതീക്ഷിച്ച് ഇരുന്നിരുന്നു. ഇവരാണ് ഡോ: ഗണപതി പറഞ്ഞ 'അവർ'! സ്വാഭാവികമായും മടിച്ചു നിന്ന എന്നോട് പ്രോത്സാഹിപ്പിക്കാനെന്നവണ്ണം ഡോ: ഗണപതി പറഞ്ഞു,

'ഞാൻ കണ്ട ഏറ്റവും നല്ല ഏയ്റോസ്പേസ് സ്ട്രെസ്സ് എഞ്ചിനിയർമാർ സിവിൽ ബാക്ക്ഗ്രൗണ്ടിൽ നിന്ന് വന്നവരാണ്'

പതിമടങ്ങ് സങ്കോചത്തോടെ ഞാൻ ഇന്റർവ്യൂ പാനലിനു മുന്നിൽ എത്തിപ്പെട്ടു. അധികം താമസിയാതെ ഒരു വെള്ളക്കടലാസ് അവർ എനിക്ക് നേരെ നീട്ടി, അവരുടെ ആവശ്യപ്രകാരം വരക്കാനും എഴുതാനും. തുരു തുരാ വന്ന ചോദ്യശരങ്ങളിൽ കുഴങ്ങിക്കൊണ്ടിരുന്നപ്പോൾ ആ മുറിയും വട്ടമേശയും എനിക്കു ചുറ്റും കറങ്ങുന്നതു പോലെ തോന്നി. ഞാൻ ചെറുതായി ചെറുതായി ഒരുറുമ്പ് ആയി മാറുന്നതും അവർ ഭീമാകാരം പൂണ്ട് ആ മുറിയാകെ നിറഞ്ഞു നില്ക്കുന്നതും രസത്തോടെ വീക്ഷിച്ചു കൊണ്ട് ഡോ: ഗണപതി കറങ്ങുന്ന കസേരയിലിരുന്നു നിഗൂഢമായി പുഞ്ചിരിച്ചു. പെട്ടെന്നായിരുന്നു ദൂരദർശനിലെ മഹാഭാരതത്തിലെ ദേവേന്ദ്രനെ പോലൊരാൾ വാതിൽ തള്ളി തുറന്നു വന്നത്. ശശാങ്ക് എന്നു സ്വയം പരിചയപ്പെടുത്തി, എന്റെ ബയോഡാറ്റ തിടുക്കത്തിൽ ഒന്നോടിച്ചു നോക്കി. അയാൾ മൃദുലമായി എന്റെ പേരെടുത്തു വിളിച്ച് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ഊഷരമായ അന്ത:രീക്ഷത്തിൽ ഇളം കാറ്റു വീശി, ഉത്തരങ്ങളുടെ ചുരുൾ അഴിഞ്ഞു. ഭീമാകാരരൂപികൾ കുറച്ച് അതിശയത്തോടെയും അസൂയയോടെയും ഞങ്ങളെ ഉറ്റു നോക്കിക്കൊണ്ടിരുന്നു. ഒരു പടപൊരുതിയ പ്രതീതിയോടെ ഇന്റർവ്യൂ തീർത്ത് തിരിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ വെളുപ്പിൽ ചുവന്ന അക്ഷരത്തിൽ കമ്പനിയുടെ പേരെഴുതിയ ഇൻഫാന്റ് ബസുകൾ കണ്ട് ഞാൻ അഭിമാനം കൊണ്ടു.

ആദിയും അന്തവുമില്ലാത്ത മട്ടിൽ വീണ്ടും ആ മുറിയിലെത്തിയത് കൈയിൽ ഒരു ഓഫർ ലെറ്ററും ആയിട്ടാണ്, ശശാങ്കിന്റെ കൂടെയുള്ള പ്രൊജക്റ്റിൽ ഇടണേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ട്. പക്ഷെ എത്തിപ്പെട്ടത് മറ്റൊരിടത്ത്. ജാനകിയുടെ കീഴിൽ വിമാനചിറകുകളുടെ ബലം തീരുമാനിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലിയിൽ. മുൻ പരിചയമുണ്ടെന്ന മിഥ്യാ ധാരണയോടെ എന്റെ മുന്നിൽ ഇൻപുട് ഷീറ്റുകൾ വെച്ച് , ക്രൂരമായ ഒരു ചിരിയോടെ ജാനകി നടന്നകപ്പോൾ തോന്നി, ഇന്റർവ്യൂ എത്രയോ ഭേദം!

വിമാനത്തിന്റെ വിവിധ സ്ട്രക്ച്ചറൽ ഭാഗങ്ങളുടെ ബലവും സുരക്ഷയും തീയറ്ററിക്കൽ ആയി കണ്ടു
പിടിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി സെർട്ടിഫിക്കേഷൻ ഏജൻസിക്ക് സമർപ്പിക്കേണ്ട ഔട്ട്സോഴ്സ് ജോലിയാണ് മുപ്പത്തി അഞ്ച് പേർ അടങ്ങുന്ന ഡോ: ഗണപതിയുടെ സ്ട്രെസ്സ് അനാലിസിസ് വിഭാഗം ചെയ്യുന്നത്. ഒരു വർഷം മാത്രം മുൻ പരിചയമുള്ള അമിയ ദാസും ഗണേഷ് ഷെട്ടിയും അടങ്ങിയ ജാനകിയുടെ ടീമിലാണ് ഞാൻ തുടങ്ങേണ്ടത്. ഇൻപുട്ട് ഷീറ്റുകൾ വായിച്ച് ഒരു എത്തും പിടിയും കിട്ടുന്നില്ല. അമിയയുടേയും ഗണേഷിന്റെയും സഹായത്തോടെ എന്തൊക്കെയോ തട്ടിക്കൂട്ടിക്കൊണ്ടിരുന്നു. ജാനകി ഡെലിവെറിയുടെ തലേ ദിവസം വരെ തിരിഞ്ഞു നോക്കിയിട്ടില്ല. എന്തെങ്കിലും സംശയം ചോദിച്ച് ചെന്നാൽ തന്ന ഓഫർ ലെറ്റർ തിരിച്ചു വാങ്ങി പറഞ്ഞയക്കുമോ എന്ന ഭീതിയോടെ ഞാൻ അയാളെ അന്വേഷിച്ച് പോയതുമില്ല.



The author is from the 2001 CE batch & works in Tech Mahindra as a technical specialist

'യു ആർ ഇൻ കോമ്പീററന്റ്. ആർ യു ട്രയിങ്ങ് ടു പുട് ദിസ് കമ്പനി ഡൗൺ?' ജാനകിയുടെ അട്ടഹാസം കേട്ടാണ് ഞാൻ സ്വപ്ന ലോകത്തു നിന്നു ഉണർന്നെണീക്കുന്നത്. റിപ്പോർട്ടിലെ ബോൾട്ട് ഗ്രൂപ്പ് അനാലിസിസിന്റെ കൃത്യത ചോദ്യം ചെയ്തു കൊണ്ട് എനിക്കുനേരെ വിരൽ ചൂണ്ടി അയാൾ ഒരു നാടകീയ രംഗം സൃഷ്ടിച്ചു. കമ്പനിയോടും ജോലിയോടുമുള്ള അമിത ആത്മാർത്ഥത അയാളുടെ ശകാരങ്ങളിൽ പ്രകടമായിരുന്നു. മുപ്പത്തി നാലു ജോഡി നോട്ടങ്ങൾക്കു നടുവിൽ ദുരഭിമാനം കൊണ്ട് കണ്ണുനീർ അടക്കി നിർത്തിയ അപമാനത്തിന്റെ നിമിഷങ്ങൾക്കൊടുവിൽ ഗണേഷ് എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

'ഒരു സ്ത്രീയെന്ന പരിഗണനയെങ്കിലും തരണ്ടേ. ഇയാൾ ഇത്രയൊക്കെ പറയാൻ പാടുണ്ടോ?'

തെറ്റിന് എന്ത് ലിംഗവിവേചനം! ഞാൻ ചെയ്തത് തെറ്റ് തന്നെയാണ് ഗണേഷിന്റെ വാക്കുകളെ ഖണ്ഡിച്ചപ്പോൾ അതിശയത്തോടെ അവൻ എന്നെ നോക്കി. ക്ഷുഭിതനായ ജാനകിയോട് നാളെത്തെ ഡെലവെറിക്ക് മുൻപ് എല്ലാം ശരിയാക്കാം എന്ന് വാക്ക് കൊടുത്ത്, ഇൻപുട്ട് ഷീറ്റുകളും പഠിക്കാൻ വേണ്ട പുസ്തകങ്ങളും എടുത്ത് ഓഫീസ് വിട്ടിറങ്ങുമ്പോൾ വഴി വിളക്കുകളിൽ രാത്രി പ്രകാശിച്ച് കൊണ്ടിരുന്നു.

രാത്രികളിൽ പ്രത്യേകിച്ചും ഹൈപ്പർ ആക്റ്റീവ് ആയ ഒന്നര വയസുകാരനെ ഉറക്കിയിട്ടു വേണം, രാത്രി പകലാക്കാൻ! മണി പന്ത്രണ്ടായിട്ടും കിടക്കയിലെ സർക്കസ് തുള്ളലുകളും കുത്തി മറിയലുകളും അടക്കാനാവാതെ അവന്റെ കളി ചിരികൾക്കിടയിൽ ഒന്നു പൊട്ടിക്കരയണമെന്നാണു തോന്നിയത്. ഉറക്കാനുള്ള ശ്രമത്തിനിടയിൽ പതിവു പോലെ ആദ്യം ഞാൻ മയക്കത്തിലേക്ക് വീഴുകയും നിവൃത്തിയില്ലാതെ അവൻ എന്നോട് ചേർന്ന് ഉറങ്ങാൻ ശ്രമിക്കുകയും ചെയ്യുന്ന നിമിഷത്തിലാവണം, മുകൾ ഭാഗം തകർന്ന അവസ്ഥയിൽ അലോഹ വിമാനം എന്റെയുള്ളിൽ എമർജൻസി ലാൻഡിങ്ങ് നടത്തിയത്. ബോൾട്ട് ലൈനിലൂടെ വിള്ളൽ പടർന്ന് മുകൾ ഭാഗം തകർന്ന്, ഒരു എയർ ഹോസ്റ്റസിനെ പുറത്തേക്ക് വലിച്ചെറിഞ്ഞ് ക്രാഷ് ലാന്റ് ചെയ്ത അലോഹ വിമാനത്തിന്റെ തകർച്ചാ വിശദാംശങ്ങൾ നാഷണൽ ജിയോഗ്രഫിക് ചാനലിൽ കഴിഞ്ഞ ദിവസങ്ങളിൽ കണ്ടതായിരുന്നു.

ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ് ലാപ്ടോപ്പ് തുറന്ന് തുടങ്ങിയ പഠനവും ജോലിയും രാവിലെ പാൽക്കാരൻ വന്ന് കോളിംഗ് ബെല്ലടിച്ചപ്പോഴും തീർന്നിരുന്നില്ല.

റിപ്പോർട്ടിന്റെ ഫൈനൽ ഡ്രാഫ്റ്റ് അയച്ചു കൊടുത്ത് ജാനകിയുടെ മുന്നിൽ എത്തിയപ്പോൾ ഒട്ടൊരു അവിശ്വാസത്തോടെ ഇന്ന് ഡെലിവർ ചെയ്യാൻ ആവുമോ എന്നാണയാൾ ചോദിച്ചത്. ബോൾട്ട് ഗ്രൂപ്പിന്റെ തിയറിയും എന്താണ് ചെയ്തതെന്നും ഒരു ക്ലാസ് എടുക്കുന്ന പോലെ വിവരിച്ച്, ഇന്നു തന്നെ ഡെലിവർ ചെയ്യാം എന്ന് ഉറപ്പ്കൊടുത്തപ്പോൾ ഇതു വരെ കാണാത്ത ഒരു അഭിമാന പുഞ്ചിരി അയാളിൽ നിറഞ്ഞു.

സജീവമായ ഒരു ബന്ധത്തിന്റെ തുടക്കമായിരുന്നു, അത്. പിന്നീടുള്ള ഓരോ പ്രൊജക്റ്റുകളിലും കൂടുതൽ പഠിച്ച് സാങ്കേതികത വിശദീകരിച്ച് ഞാൻ ജാനകിയുടെ വിശ്വാസം നേടിക്കൊണ്ടിരുന്നു. സിവിൽ സ്ട്രക്ച്ചറൽ ബാക്ക്ഗ്രൗണ്ടിൽ നിന്നു വരുന്ന ഒരാൾക്ക് എയറോസ്പേസ് സ്ട്രക്ച്ചേഴ്സ് എങ്ങനെ വഴങ്ങും എന്ന ഭീതി ഒഴിവായത് അടിസ്ഥാന തത്ത്വങ്ങളെല്ലാം ഒന്ന് എന്ന തിരിച്ചറിവിലൂടെയാണ്.

ദിവസങ്ങൾ ചെല്ലുന്തോറും ഞാൻ ജാനകിയുടെ അടുത്ത സുഹൃത്തും പിന്നീട് സഹോദരിയുമായി, കുടുംബ സങ്കടങ്ങളും അസുഖ വിവരങ്ങളും പങ്കുവെയ്ക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തു കൊണ്ടിരുന്നു. അയാൾ മേലധികാരികളുടെ പിടിപ്പുകേടിനെ തുറന്നു ചോദ്യം ചെയ്യുകയും പലപ്പോഴും ക്ഷുഭിതനായി കാബിനിൽ തിരിച്ചെത്തി എന്നെ വിളിച്ച് വരുത്തി സ്വന്തം നിലപാട് വിശദീകരിക്കുകയും ചെയ്തു. എങ്ങനെ ആശ്വസിപ്പിക്കണം എന്നറിയാതെ ഞാൻ വെറുമൊരു കേൾവിക്കാരിയായി അയാളുടെ വ്യഥയിൽ പങ്കു ചേർന്നു. മകന് അസുഖമാവുമ്പോൾ എന്നെ ലീവെടുക്കാൻ അനുവദിച്ച് എന്റെ ജോലികൾ സ്വയം ചെയ്ത് ജാനകി നല്ലൊരു മാനേജരും സഹോദരനുമായി.

എന്നിരിക്കിലും ദീർഘനേരം നീണ്ടു നിൽക്കുന്ന ഡെയ്‌ലി മോണിങ്ങ് മീറ്റിങ്ങുകളിൽ ഒരു ടീമിനെ മൊത്തം വിറപ്പിച്ച് അയാൾ ദിവസവും അപ്രിയനായിക്കൊണ്ടിരുന്നു. ഓരോ മീറ്റിങ്ങുകളിലും വളരെ നേരം കമ്പനിയോടും കസ്റ്റമറോടും ആത്മാർത്ഥത പുലർത്തേണ്ടതിന്റെ നീണ്ട ക്ലാസുകൾ എടുത്ത് പുലരികളെ മുഷിപ്പിച്ചു കൊണ്ടിരുന്നു.

ചായ് പെ ചർച്ച എന്നു ഓമന പേരിട്ടു വിളിക്കുന്ന രാവിലത്തെ ചായ ബ്രേക്കുകളിൽ ജാനകിയെ വിമർശിച്ച് ഞങ്ങൾ ആശ്വാസം കണ്ടെത്തി. അയാൾടെ അപ്പാപ്പന്റെ വകയാന്ന് തോന്നും ഈ കമ്പനി!

മലയാളിയായ സഹപ്രവർത്തകൻ അരുൺ അരിശത്തോടെ പറഞ്ഞപ്പോ ചിരിച്ചു കൊണ്ട് യോജിക്കാതിരിക്കാൻ കഴിഞ്ഞില്ല.

കൂടുതൽ നേർവഴിക്കു സഞ്ചരിക്കുന്നത് ദോഷം ചെയ്യും. കാട്ടിൽ ചെന്നു നോക്കൂ: നേരെ നീണ്ടു വളർന്നു വന്ന മരങ്ങളെ വെട്ടി നിലത്തിട്ടിരിക്കുന്നത് കാണാം. തെറ്റിയും വളഞ്ഞും വളർന്നു പോയവയാകട്ടെ, പോറലൊന്നുമേല്ക്കാതെ തലയുയർത്തി നില്ക്കുന്നു - ചാണക്യനീതിയിലെ തത്ത്വം വായിച്ചത് ഇ. സന്തോഷ് കുമാറിന്റെ 'നീചവേദം' എന്ന കഥയിലാണ് എന്ന് പറഞ്ഞു കൊണ്ട് ചർച്ചയെ ഗൗരവപരമായ മറ്റൊരു വഴിക്ക് തിരിച്ചു വിടാൻ ശ്രമിച്ചു, ഞാൻ.

അതെയതെ, അയാൾക്കെന്തു പറ്റാൻ! നമ്മൾ പ്രതികരണ ശേഷിയില്ലാത്തവരെ പോലെ എന്നും സഹിക്കുക തന്നെ അരുൺ എന്റെ വാദങ്ങളെ നിസാരവൽക്കരിച്ചു തള്ളിക്കളഞ്ഞു.

നേർവഴിയിലുള്ള ചിന്തകളും പ്രവൃത്തിയും അമിത ആത്മാർത്ഥതയും ക്ഷിപ്ര കോപവും കോർപ്പറേറ്റ് ലാഡറിന്റെ താഴെക്ക് സ്വയം തള്ളിയിയിടാനും ഒതുക്കി തീർക്കപ്പെടാനും പ്രാപ്തമായിരുന്നു, അയാൾ പോലുമറിയാതെ. ജാനകിക്കെതിരെയുള്ള ഓരോ നീക്കങ്ങളും അയാളൊഴികെ മറ്റെല്ലാവരും അറിഞ്ഞു കൊണ്ടിരുന്നു.

അങ്ങനെ ഒരിക്കൽ പറയണോ വേണ്ടയോ എന്ന സംശയത്തിനൊടുവിൽ ഞാൻ ധൈര്യ സമേതം അയാളുടെ കാബിനിലെത്തി.

'എച്ച്. ആർ സ്കിപ്പ് ലെവൽ മീററിങ്ങ് വെയ്ക്കുന്നുണ്ട് . നിങ്ങൾക്കത് ദോഷം ചെയ്യും.'
ഇരുപത് കൊല്ലത്തെ ഒരേ കമ്പനിയിലുള്ള സ്തുത്യർഹ സേവനത്തിൽ അഭിമാനം പൂണ്ടിരിക്കുന്ന ഒരു മനുഷ്യനോട് പറയാൻ പാടില്ലാത്തതെന്തോ പറഞ്ഞ മട്ടിൽ ജാനകി ശക്തിയുക്തം പ്രതികരിച്ചു.

'എനിക്കെന്ത് പറ്റാൻ! ഞാൻ ശരിയായ കാര്യങ്ങൾ മാത്രമെ ചെയ്തിട്ടുള്ളൂ.'

പറഞ്ഞു ഫലിപ്പിക്കാൻ വേണ്ട രാഷ്ട്രീയപരമായ സങ്കേതികജ്ഞാനവും തെളിവുകളും ഇല്ലാത്തതിനാൽ സ്വയം വിഢിയായി നടിച്ച് പുറത്തു കടക്കുകയെ നിവൃത്തി ഉണ്ടായിരുന്നുള്ളൂ.

പിന്നീട് അരുണും ഞാനും മാത്രമുള്ള ഏതോ ദിവസത്തെ ചായ് പേ ചർച്ചയിലാണ് അരുൺ ഞെട്ടിക്കുന്ന വിവരം പുറത്തു വിട്ടത്.

'ജാനകി പുറത്താക്കുന്നവരുടെ ലിസ്റ്റിലൊണ്ട്.'

കമ്പനി ഒരു കൂട്ട പിരിച്ചു വിടലിന് ഒരുങ്ങുന്ന വിവരം ഞങ്ങളെക്കാൾ മുമ്പെ മാധ്യമങ്ങൾ ചർച്ച ചെയ്തു തുടങ്ങിയിരുന്നു. ഹ്യൂമൺ റിസോഴ്സിൽ നിന്നും വിവരം ആയതുകൊണ്ട് അതിലെ ആധികാരികത ചോദ്യം ചെയ്യേണ്ടതില്ല.

'നീയിതു പോയി വിളമ്പണ്ട.അയാൾ വിശ്വസിക്കില്ല' അരുൺ എനിക്ക് താക്കീത് നൽകി.

മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു തെളിവും ഇല്ലാതെ ഇത് അവതരിപ്പിക്കാൻ എനിക്ക് ധൈര്യം വന്നതുമില്ല.

കുറച്ചു ദിവസങ്ങൾക്ക് ശേഷം ഓഫീസിൽ വൈകിയെത്തിയ ഒരു രാവിലെ ജാനകിയുടെ കാബിനിൽ നിന്നും പൊട്ടലും ചീറ്റലും തീയും പുകയും കേട്ടും കണ്ടും കൊണ്ടാണ് ഞാനെന്റെ സീററിലേക്ക് നടന്നത്, അങ്ങനെ ആ നിമിഷവും സമാഗതമായി എന്ന് നെടുവീർപ്പിട്ടു കൊണ്ട്.

അല്പ സമയത്തിനു ശേഷം തിരക്കൊഴിഞ്ഞ നേരം നോക്കി ജാനകിയുടെ കാബിൻ ഡോറിന്റെ ഗ്ലാസ് പാളിയിലൂടെ എത്തി നോക്കിയപ്പോൾ പതിവു പോലെ അയാൾ ഉള്ളിലേയ്ക്ക് ക്ഷണിച്ചു. ചതിയുടേയും വഞ്ചനയുടേയും ലോകത്ത് ആത്മരക്ഷക്കുള്ള നീചവേദം പോലും അറിയാത്ത ആ മനുഷ്യൻ വിശാലമായ കാബിനിൽ തളർന്നിരുന്നു. സമ്മിശ്ര വികാരങ്ങളോടെ അയാൾ പറഞ്ഞു കൊണ്ടിരുന്നതൊന്നും ഞാൻ കേൾക്കുന്നുണ്ടായിരുന്നില്ല. അധികാരത്തിന്റെ അദൃശ്യമായ നീണ്ട കരങ്ങൾ അയാളെ എട്ടാം നിലയുടെ ചില്ലു ജാലകം തകർത്ത് താഴോട്ട് തള്ളി വിടുന്നതായും ഉള്ളിൽ നന്മയൊളിപ്പിച്ച മാലിഫിസന്റ് എന്ന ഫെയറി തന്റെ ആകാശചിറകുകൾ വിടർത്തി പൊടുന്നനെയുള്ള ഒറ്റ കുതിപ്പിൽ ഒരു കുഞ്ഞിനെയെന്ന വണ്ണം അയാളെ എടുത്തു മറയുന്നതും വിഭ്രാന്തമായ നിമിഷങ്ങളിൽ ഞാൻ കണ്ടു കൊണ്ടിരുന്നു.

## ഓർമ്മകൾ

(പ്രൊഫ.വി.കെ.ലക്ഷ്മണൻ നായർ)

1971–മാർച്ച് 19 –ാം തിയതി വെള്ളിയാഴ്ച ഞാൻ ഉദയസൂര്യനെ കണികണ്ടത് വടക്കുന്നാഥന്റെ തട്ടകത്താണ്.തലേദിവസം രാത്രി 8 മണിക്കാണ് ഞാൻ തൃശ്ശൂരിൽ എത്തിയത്.മുരളി ലോഡ്ജിൽ മുറിയെടുത്തു.അത് എന്റെ തൃശ്ശൂരിലേയ്ക്കുള്ള ആദ്യ യാത്രയായിരുന്നു.തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച ബാബുസാറ് എന്റെ അദ്ധ്യാപകനും, സഹപാഠിയും , സഹപ്രവർത്തകനും ആണ്.ബാബു സാറിന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ മുരളി ലോഡ്ജിൽ എത്തിയത്.

എഞ്ചിനീയറിംഗ് കോളേജിൽ എത്താനുള്ള വഴി സാർ എനിക്കു പറഞ്ഞു തന്നത് ഇങ്ങനെ : രാവിലെ 7.30 മണിയോടടുത്ത് മുരളി ലോഡ്ജിൽ നിന്ന് ഇറങ്ങി ഇടത്തോട്ട് നടക്കണം .പൂരപ്പറമ്പിന് ചുറ്റുമുള്ള റോഡിൽ എത്തും .അവിടെ ബസ്സ് സ്റ്റോപ്പ് ഉണ്ട് .കുണ്ടുകാട് , രാമവർമ്മപുരം എന്ന ബോർഡുള്ള ബസ്സിൽ കയറണം.സുമ ,ജയൻ ഈ രണ്ടു ബസ്സുകളാണ് കോളേജുവഴി പോകുന്നത്. പള്ളിമൂല സ്റ്റോപ്പിൽ ഇറങ്ങണം.10 പൈസയാണ് ബസ്സ് ചാർജ്ജ് .ബസ്സിൽ ധാരാളം പെൺകുട്ടികൾ ഉണ്ടാകും.പേടിക്കേണ്ട,അവർ സമീപത്തു വിമല കോളേജിലെ വിദ്യാർത്ഥിനികളാണ്.ബസ്സ് ഇറങ്ങി പെൺകുട്ടികൾ പോകുന്ന വഴിയെ നടക്കുക.വിമല കോളേജിന്റെ ഗേറ്റിന്റെ എതിർവശത്തായി എഞ്ചിനീയറിംഗ് കോളേജിന്റെ മതിലും ഒരു ചെറിയ ഗേറ്റും കാണാം.ഗേറ്റിൽ കൂടി അകത്തുകടന്നാൽ ആദ്യം കാണുന്നത് സിവിൽ എഞ്ചിനീയറിംഗ് ലാബാണ്.അവിടെ ചോദിച്ചാൽ അവർ മെയിൻ ബിൽഡിംഗും ഓഫീസും കാണിച്ചുതരും .ഗുരു നിർദ്ദേശപ്രകാരം ഞാൻ എഞ്ചിനീയറിംഗ് കോളേജിൽ എത്തി. പി .എസ് .സുബ്രഹ്മണ്യൻ സാറായിരുന്നു പ്രിൻസിപ്പാൾ .അദ്ദേഹം അന്ന് അവധിയിൽ ആയിരുന്നു.ഡോക്ടർ രാഘവാചാര്യയ്ക്ക് ചാർജ്ജ് . പ്രിൻസിപ്പാളിന്റെ മുറിയുടെ കാവൽക്കാരനോട് രാഘവാചാര്യ സാറ് എവിടെയാണ് ഇരിക്കുന്നത് എന്ന് ചോദിച്ചു.അങ്ങ് അയ്യന്തോളിലാണ് സാറെ എന്ന് മറുപടി.സമീപത്തുകൂടി നടന്നു പോയ പ്രേം നസീറിനെപ്പോലെ സുന്ദരനായ ഒരാളോട് ഞാൻ ചോദിച്ചു.അയ്യന്തോൾ എവിടെയാണ് സാറെ എന്ന്.അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു.അത് തൃശ്ശൂരിൽ നിന്നും രണ്ട് മൈൽ പടിഞ്ഞാറ് .

അവശനായ എന്നെകണ്ടിട്ട് ഒരു സഹതാപം തോന്നിയിട്ടായിരിക്കണം , അദ്ദേഹം എന്റെ പുറത്തുതട്ടി ചോദിച്ചു , സാറിന് എന്താ വേണ്ടേ? ഞാൻ കോളേജിൽ ചേരാൻ വന്ന അദ്ധ്യാപകൻ ആണെന്നും പേര് ലക്ഷ്മണൻ എന്നാണ് എന്നും പറഞ്ഞ് നിയമന ഉത്തരവ് അദ്ദേഹത്തെ കാണിച്ചുകൊടുത്തു.അദ്ദേഹം സ്നേഹം നിറഞ്ഞ ഭാഷയിൽ ചിരിച്ചുകൊണ്ടു പറഞ്ഞു,ഞാൻ മുസ്തഫ.സിവിലിലെ ഒരു അദ്ധ്യാപകൻ .അവസാനിച്ചില്ല അദ്ദേഹമാണ് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ എന്റെ ആദ്യത്തെ മാർഗ്ഗദർശി.അദ്ദേഹം പറഞ്ഞു.മെയിൻ ബിൽഡിംഗിൽ നിന്നും കുറച്ച് അകലെയാണ് കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം.അവർക്ക്സ്വന്തമായി കെട്ടിടമുണ്ട്.അയ്യന്തോൾ പഞ്ചായത്തിലാണ് തൃശ്ശൂരിന്റെ സിവിൽ സ്റ്റേഷൻ .പട്ടണത്തിൽ നിന്ന് വളരെ അകലെ.അതുകൊണ്ട് കെമിക്കൽകാർക്ക് അയ്യന്തോൾ എന്നാണ് വിളിപ്പേര്.അദ്ദേഹം കൈചൂണ്ടി പറഞ്ഞു,വരാന്തയിലൂടെ നടന്ന് കോണി ഇറങ്ങിയാൽ ഫിസിക്സ് ലാബ് കാണാം .ലാബിന്റെ വരാന്തയിൽ നിന്ന് ഇറങ്ങി ഇടത്തോട്ട് നോക്കിയാൽ അങ്ങകലെ ഒരു രണ്ട് നില കെട്ടിടം കാണാം .അതാണ് കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം . അവിടെ രാഘവാചാര്യ ഉണ്ട് .

ഞാൻ രാഘവാചാര്യയുടെ മുറിയിൽ എത്തി.അദ്ദേഹം ക്ലാസ്സിൽ ആയിരുന്നു.11.30 ന് അദ്ദേഹം ക്ലാസ്സ് കഴിഞ്ഞ് മുറിയിൽ വന്നു.എന്റെ കയ്യിൽ നിന്ന് രേഖകൾ വാങ്ങി,അഡ്മിറ്റ് എഴുതിത്തന്നു.ഓഫീസിൽ കൊടുക്കാനും നിർദ്ദേശിച്ചു.

ഓഫീസിലെത്തി ബാലകൃഷ്ണൻ നായരാണ് A.O. സാർ, ജീവിച്ചിരിക്കുന്നു എന്ന് ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് വേണം.എന്നാലേ ഞാൻ ഈ രേഖകൾ സ്വീകരിക്കൂ.എന്റെ ഭാവം മാറി.ഡോക്ടറുടെ സർട്ടിഫിക്കറ്റ് വേണം എന്ന് എഴുതിത്തരാൻ ആവശ്യപ്പെട്ടു.ഞാൻ ഇടഞ്ഞപ്പോൾ അയാൾ ശാന്തനായി.സിവിൽ വിഭാഗത്തിന്റെ HOD യെ കാണാൻ പറഞ്ഞു.മുറിയും കാണിച്ചുതന്നു. സർട്ടിഫിക്കറ്റ് ഇന്നു തന്നെ കിട്ടണം എന്ന് A.O ഓർമ്മിപ്പിച്ചു.

ഞാൻ സിവിൽ ഡിപ്പാർട്ട്മെന്റിൽ എത്തി അവിടെ മറ്റു സാറുമാരുടെ കൂടെ മുസ്തഫ സാറും ഉണ്ടായിരുന്നു.സിവിലിന്റെ HOD മറ്റൊരു പ്രേം നസീർ , പ്രൊഫ.P.U.പോൾ അദ്ദേഹം ഹാജർ ബുക്കെടുത്ത് എന്റെ പേരെഴുതി.19–ാം തിയതിയിലെ കോളത്തിൽ ഫോർനൂണിൽ ഒപ്പിടാൻ നിർദ്ദേശിച്ചു.സമീപത്ത് ഇരുന്ന മറ്റൊരു സുന്ദരനോട് ലക്ഷ്മണൻ സാറിന് ടൈം ടേബിൾ കൊടുക്കാൻ പറഞ്ഞു. പ്രൊഫ.T.V ജോർജ് .

സഹപ്രവർത്തകരുടെ സാന്നിദ്ധ്യംകൊണ്ടുള്ള സമാധാനത്തോടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കാര്യം ഞാൻ HOD യോട് പറഞ്ഞു. അദ്ദേഹം സ്നേഹത്തോടെ ഒരു ശുപാർശക്കത്ത് തന്നു , സർക്കാർ ആശുപത്രിയിൽ ഒരു ഡോക്ടർക്ക് .സർട്ടിഫിക്കറ്റ് കൈപ്പറ്റുമ്പോൾ 10 രൂപ ഫീസ് കൊടുക്കാൻ മറക്കരുത് എന്ന് HOD എന്നെ ഓർമ്മിപ്പിച്ചു.

സമയം 1.30 മണിയായി. ഭക്ഷണം കഴിക്കാൻ ക്യാന്റീൻ എവിടെ എന്ന് ഞാൻ അന്വേഷിച്ചു. ക്യാന്റീൻ ഇല്ല എന്നും ഹൈഡ്രോളിക്സ് ലാബിന്റെ പിൻഭാഗത്ത് ഒരു ചായക്കട ഉണ്ട് എന്നും ഞാൻ മനസ്സിലാക്കി . അന്ന് കോളേജിന് തെക്കുഭാഗത്ത് മതിൽ ഇല്ല.ഞാൻ ചായക്കടയിൽ എത്തി.

എനിക്ക് ഒരു പരിചയക്കാരനെകിട്ടി.M G S പോറ്റി . പാലക്കാട് എഞ്ചിനീയറിംഗ് കോളേജിൽ പരീക്ഷ നടത്താൻ വന്ന പരിചയം ആണ് എനിക്ക് അപ്പോൾ അദ്ദേഹവുമായിട്ട് ഉള്ളത്.തുടർന്ന് സംസാരിച്ചപ്പോൾ പോറ്റി സാർ എന്റെ നാട്ടുകാരനാണ് എന്ന് മനസ്സിലാക്കി.

ഞങ്ങൾ ഒരുമിച്ച് ഊണ് കഴിച്ചു.എന്റെ രാവിലത്തെ ദുരവസ്ഥ ഞാൻ പോറ്റി സാറിന് വിശദീകരിച്ചു കൊടുത്തു. ഞങ്ങൾ A.O യെ കണ്ടു.മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ A G പേ സ്ലിപ്പ് അയ്ക്കില്ല.കാലതാമസം ഒഴിവാക്കാനാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം എന്ന് പറഞ്ഞത് എന്നായി A.O .HOD തന്ന കത്ത് പോറ്റി സാർ A.O യെ കാണിച്ചു.സർട്ടിഫിക്കറ്റ് വേണ്ട എന്നായി A.O.

ഞാനും പോറ്റിസാറും കൂടി നടന്ന് വിയ്യൂർ ജംഗ്ഷനിൽ എത്തി.നടക്കുമ്പോൾ ആൺകുട്ടികളുടെ ഹോസ്റ്റലുകളും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും പെൺകുട്ടികളുടെ ഹോസ്റ്റലും എല്ലാം എന്നെ പോറ്റി സാർ കാണിച്ചു തന്നു.നല്ല " എ " വർത്തമാനം.ക്ഷീണം മാറി.ഞങ്ങൾ മെയിൻ റോഡെ നടന്നു.ഒരു ഡോക്ടറുടെ വീട്ടിൽ എത്തി .ഡോക്ടർ അബ്ദുള്ള സ്കിൻ സ്പെഷ്യലിസ്റ്റ് ,അദ്ദേഹം സർട്ടിഫിക്കറ്റ് തന്നു.ഞാൻ 10 രൂപ കൊടുത്തു.അദ്ദേഹം അത് കൈപ്പറ്റി. നിമിഷത്തിനുള്ളിൽ അദ്ദേഹം ആ രൂപ എന്റെ പോക്കറ്റിലേക്ക് ഇട്ടു.ചായയും തന്നു.പ്രൊഫ.P.U.പോൾ സർ എനിക്ക് തന്ന കത്ത് അദ്ദേഹത്തിന്റെ സഹോദരന് ഉള്ളതായിരുന്നു.

അന്ന് ഞാൻ മുരളി ലോഡ്ജിൽ താമസിച്ചു.പിറ്റേ ദിവസം കോളേജിൽ എത്തി.മെഡിക്കൽ സർട്ടിഫിക്കറ്റ് A.O യെ ഏൽപ്പിച്ചു.സുബ്രഹ്മണ്യം സാറിനെ കണ്ടു.താമസം എവിടെ എന്ന് ചോദിച്ചു.കോളേജ് ഹോസ്റ്റലിൽ മുറി ഒഴിവ് ഉണ്ട് എന്നും അവിടെ താമസിച്ചാൽ മതിയെന്നും അദ്ദേഹം നിർദ്ദേശിച്ചു.ഞാൻ

പി.ജി.യ്ക്ക് തിരുവനന്തപുരത്ത് പഠിക്കുമ്പോൾ സുബ്രഹ്മണ്യം സർ മെക്കാനിക്കലിന്റെ HODആയിരുന്നു.ഞാൻ അങ്ങനെ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകനും ഹോസ്റ്റലിലെ താമസക്കാരനും ആയി.

വർഷാവസാനം ആയതുകൊണ്ട് അധികം ക്ലാസുകൾ എടുക്കേണ്ടിവന്നില്ല.1971 ലെ അവസാന വർഷ വിദ്യാർത്ഥികൾ എണ്ണത്തിൽ കുറവായിരുന്നെങ്കിലും നല്ല ജാതകത്തിന്റെ ഉടമകളായിരുന്നു.ഹോസ്റ്റലിൽ താമസം തുടങ്ങിയപ്പോൾ സുഹൃദ്‌വലയം വലുതായി–ഹമീദ്, മോഹൻദാസ് (കാശി) C.E.കൃഷ്ണൻ ,മോഹൻദാസ് (മാഹി) അങ്ങിനെ പോകുന്നു ആ ലിസ്റ്റ്.അവരിലൂടെയാണ് ജി.ജി. എന്നറിയുന്ന ജി.ഗോപാലകൃഷ്ണനെ പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ എന്റെ അച്ഛന്റെ സുഹൃത്തും സഹപ്രവർത്തകനുമായിരുന്നു. അങ്ങിനെ 'നളിന ജന്മ വചസാ' ഞാനും ഗോപാലകൃഷ്ണനും ആദ്യ കൂടിക്കാഴ്ചയിൽ തന്നെ രാമലക്ഷ്മണൻമാരെപ്പോലെ ആയി.

അവസാനവർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പ് .സീഗോ ഹോട്ടലാണ് സംഗമസ്ഥലം.സിവിൽ ഡിപ്പാർട്ട്മെന്റിലെ എല്ലാ അദ്ധ്യാപകരെയും ഞാൻ ഒന്നിച്ചു കാണുന്നത് അന്നാണ് .അവസാന വർഷ വിദ്യാർത്ഥികളെയും.പലതമാശകളും കൂടിച്ചേരലിന് മാറ്റ് കൂട്ടി.അതിൽ ഒന്ന് ഒരു ക്വിസ്സ് മത്സരം ആയിരുന്നു. ചോദ്യം തയ്യാറാക്കിയത് ജി.ജി.ചോദിച്ചത് ഞാൻ .ഒരു ചോദ്യം "Where there is Kalam, there, there is calamity" ഇത് പറഞ്ഞതാര് ? അതായിരുന്നു ചോദ്യം ഉത്തരം ഉടൻ വന്നു. 'ലക്ഷ്മണൻ സർ' . എന്റെ തൊട്ടടുത്ത് ഇരുന്നത് കലാം സർ ആണെന്ന് ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്. മറ്റൊരു ചോദ്യംഇന്ദിരാഗാന്ധി പ്രിവിപേഴ്സ് നിർത്തലാക്കിയതിൽ വേദനിക്കുന്ന വ്യക്തി – ഉത്തരം –'റാണി തോമസ്'. റാണി തോമസ് ആ ക്ലാസിലെ വിദ്യാർത്ഥിനിയാണ് എന്ന് ഞാൻ മനസ്സിലാക്കിയത് പിറ്റേ ദിവസം ആണ്.

യാത്രയയപ്പ് വിശേഷങ്ങൾ പറഞ്ഞ് രസിച്ച് കോളേജിന്റെ പോർട്ടിക്കോയിൽ ഞങ്ങൾ നിൽക്കുമ്പോൾ ജി.ജി. ഉറക്കെ വിളിച്ചു പറഞ്ഞു. ലക്ഷ്മണാ ഓടിക്കോളൂ അവർ വരുന്നുണ്ട്. രണ്ട് പെൺകുട്ടികൾ ചിരിച്ച് രസിച്ച് നടന്നുവരുന്നുത് ഞാൻ കണ്ടു. അത് റാണി തോമസും ,രാധാമണിയും ആയിരുന്നു. അവസാനവർഷത്തെ രണ്ട് പെൺകുട്ടികൾ. ഭാവിയിൽ റാണി തോമസ് കോളേജിന്റെ പ്രധാന അദ്ധ്യാപിക ആകുമെന്നും രാധാമണി എന്റെ സഹപാഠി മാധവന്റെ ഭാര്യയാകുമെന്നും ഞാൻ ചിന്തിച്ചുപോലും ഇല്ല.





The author was in GEC from 1971 to 2002 and has brought out seven publications

ഒരു ഓർമ്മകൂടി എഴുതി ഈ ഓർമ്മക്കുറിപ്പ് തൽക്കാലം നിറുത്തട്ടെ. 1971 ഒക്ടോബർ 22 –ാം തിയ്യതി ഞാൻ വിവാഹിതനായി.ഭാര്യ ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് കോളേജിലെ അദ്ധ്യാപിക സാവിത്രി.വിവാഹം കഴിഞ്ഞ് 4–ാം ദിവസം ഞങ്ങൾ ചെട്ടിയങ്ങാടിയിലെ ഒരു വീട്ടിൽ താമസമായി.വിവാഹം കഴിഞ്ഞ് 6–ാം ദിവസം രാവിലെ ഭാര്യ സെന്റ്.ജോസഫ്സ് കോളേജിലേക്കും ഞാൻ എഞ്ചിനീയറിംഗ് കോളേജിലേക്കും പോയി.സെന്റ്.ജോസഫ്സ് കോളേജിലെ കുട്ടികൾക്ക് സ്പോർട്ട്സുമായി ബന്ധപ്പെട്ട് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ വരേണ്ടിയിരുന്നു.സെന്റ്.ജോസഫ്സ് കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ ഫ്രാൻകൊ കുട്ടികളെ എഞ്ചിനീയറിംഗ് കോളേജിൽ കൊണ്ടുപോകുന്ന ചുമതല എന്റെ ഭാര്യയെ ഏൽപ്പിച്ചു. അവർ കോളേജിൽ എത്തി.എഞ്ചിനീയറിംഗ് കോളേജിലെ സ്പോർട്ട്സ് താരങ്ങളോട് എന്റെ ഭാര്യ ലക്ഷ്മണൻ സാറിനെ കാണണമെന്നു പറഞ്ഞു.വീരന്മാർ കൊടുത്ത മറുപടി 'സാറിനെഇനി അന്വേഷിക്കണ്ട.സാർ നിങ്ങളെപറ്റിച്ചു.അദ്ദേഹത്തിന്റെ വിവാഹം കഴിഞ്ഞു.ഇപ്പോൾ രണ്ടുപേരും കൂടി ദേശാടനത്തിലാണ് ' .ഭാര്യയുടെ മറുപടി, 'അതെയോ ആ ഭാര്യ തന്നെയാണല്ലോ, ഇത് എന്നായിരുന്നു. ഈ സ്പോർട്ട്സ് താരങ്ങൾ പിന്നീട് ഞങ്ങളുടെ കുടുംബ സുഹൃത്തുക്കളായി മാറിയ R.Kരവിയും കൂട്ടരുമായിരുന്നു.നിർത്തട്ടെ .ബാക്കി പിന്നെ.



# ഓർമ്മകൾക്കെന്തു സുഗന്ധം!

TR AJAYAN

തെളിഞ്ഞ നിലാവിൽ വെള്ളിനൂലുകൾ പോലെ നിശ്ശബ്ദമായി മഴ പെയ്തുകൊണ്ടിരുന്ന ഒരു ഇടവപ്പാതി രാവ് പലപ്പോഴും നമ്മെ അന്തമെഴാത്ത ഓർമകളിലേക്ക് തള്ളി വിടുന്നു. ഓർമ്മകൾ മാറോട് മെയ് ചേർത്ത് താളം പിടിച്ചു നമ്മെ തഴുകുന്ന അമ്മയെപ്പോലെയാണെന്ന് കൈതപ്രം ഓർമിപ്പിക്കുന്നു. എണ്ണിയാൽ തീരാത്ത ഇഷ്ടങ്ങളായി, വാത്സല്യം ഒഴുകുന്ന നിമിഷങ്ങളായി, തെളിനീർ കുളത്തിലെ ഇളം തണുപ്പായി, പിന്നെയും ജീവിതം നുണയാൻ പ്രേരിപ്പിക്കുന്ന ആശ്വാസമായി അവ നമ്മെ പിന്തുടരുന്നു. ജീവിതത്തിന്റെ ചവിട്ടി കുഴച്ചിട്ട വീഥികളിൽ കാലത്തിന് മായ്ക്കാൻ കഴിയാത്ത കാലടിപ്പാടുകൾ പതിപ്പിച്ച, മനസ്സിന്റെ വാതായനങ്ങൾ എപ്പോഴും തുറന്നിടണമെന്ന് എന്നെ പഠിപ്പിച്ച, അന്യഥാ അന്ധകാരപൂർണ്ണിതമാവുമായിരുന്ന ഉള്ളിലേക്ക് പ്രകാശം നിറച്ചവരായ എത്ര എത്ര ധന്യാത്മാക്കൾ, ഗുരുനാഥന്മാർ, സഹപാഠികൾ, സുഹൃത്തുക്കൾ.... അവരുടെ മനസ്സിന്റെ നന്മയാണ് എന്റെ ജീവന്റെ ആധാരം.. എന്റെ ജീവിതത്തിന്റെ അടിസ്ഥാനം.

സിമെന്റിന്റെയും കല്ലിന്റെയും ഇഷ്ടികയുടെയും, ടാറിന്റെയും ഇടയിൽ പണിചെയ്ത 30 വർഷത്തെ പൊതുമരാമത്ത് വകുപ്പിലെയും, അതിന്നു ശേഷം കൈരളിയുടെ വ്യാപാര വിഭാഗത്തിന്റെ ചുമതലയുള്ള ഡയറക്ടർ എന്ന നിലയിലെയും ഔദ്യോഗിക തിരക്കുകൾക്കിടയിൽ എനിക്ക് എവിടെയോ കളഞ്ഞു പോയത് ഈ പ്രിയമുള്ളവരുമായുള്ള ഹൃദയത്തിന്റെ ഇഴയടുപ്പമാണ്.

അതിലാവാം എന്നെ ഇന്നത്തെ ഞാനാക്കി മാറ്റുന്നതിൽ ഏറെ പങ്കു വഹിച്ച എന്റെ സാങ്കേതിക വിദ്യാലയമായ തൃശൂർ എഞ്ചിനീയറിംഗ് കോളേജിന്റെ അറുപതാം വർഷാഘോഷങ്ങളുടെ ഭാഗമായി പ്രകാശിപ്പിക്കുന്ന സ്മരണികയിലേക്കു ഒരു ലേഖനം അയക്കണമെന്ന് പ്രൊഫ: കൃഷ്ണകുമാർ ആവശ്യപ്പെട്ടപ്പോൾ പഴയ കാല സ്മരണകളുടെ ത്വരിതാവരോഹണം ഉണ്ടാവുന്നത്. അത് കൊണ്ട് തന്നെ ഈ ഓർമ്മകൾ എനിക്ക് അവരുടെ തോളത്ത് തല ചായ്ക്കുന്ന അനുഭൂതി കൈ വരുത്തുന്നു.

ഒട്ടേറെ ഗൃഹാതുരത്വമാർന്ന അവിസ്മരണീയമായ അനുഭവങ്ങൾ എന്റെ ജീവിതവുമായി ബന്ധപ്പെട്ടു എനിക്ക് സമ്മാനിച്ച ഇടമാണ് തൃശൂർ എഞ്ചിനീയറിംഗ് കോളേജ്. കാലത്തിനും സമയത്തിനും ഒന്നും ഒരിക്കലും മാച്ചു കളയാൻ പറ്റാത്ത മധുരവും സരളവും തരളവും ധന്യവുമായ സ്മരണകളുടെ ഉറവിടം.

അന്ധമാം സംവത്സരങ്ങൾക്കുമക്കരെ
അന്തമെഴാത്തതാം ഓർമകൾക്കക്കരെ
കുങ്കുമം തൊട്ടു വരുന്ന ശരൽക്കാല സന്ധ്യ
യാണിന്നും എനിക്ക് ഈ കലാലയം.

ജീവിതായോധനത്തിനുള്ള സാങ്കേതിക ബിരുദം എനിക്ക് സമ്മാനിച്ചതിന് പുറമെ ജീവിത സഖിയെയും നൽകിയത് ഈ ആത്മ വിദ്യാലയമാണ്. കൂടാതെ ഇന്നും കാത്തു സൂക്ഷിക്കുന്ന ആത്മബന്ധങ്ങൾക്ക് തുടക്കമേകി ജീവൻ പോലും പറിച്ചു നൽകാൻ തയ്യാറായ ഒട്ടേറെ പ്രിയ സുഹൃത്തുക്കളെയും കൂട്ടിച്ചേർത്ത മഹത് സ്ഥാപനം കൂടി ആണിത്. എന്നും ആത്മഹർഷത്തോടെയും ഗൃഹാതുരതയോടെയും കൂടി മാത്രം അടയാളപ്പെടുത്താവുന്ന ധന്യമായ സരസ്വതീ ക്ഷേത്രം.

ഈ ആത്മാലയത്തെ കുറിച്ച് ചിന്തിക്കുമ്പോൾ എൻ.എൻ. കക്കാട് പറഞ്ഞത് പോലെയുള്ള വികാരമാണെനിക്കെപ്പോഴും.

അറിവ് നീ മഹാശാഖി-
ത്തളിരിൻ നേർത്ത കൈവിരൽ
ഈയന്തിനേരത്തുമെന്നെ
കനിഞ്ഞു തടവുന്നിതേ
ഇത് സംഗമനീയം മണി ,
ഇത് വന്നെൻ പ്രാണനിൽ തൊടുന്നേരം
തളിർ വീശി പൂക്കൾ വിടർ-
ന്നഭിനവമൊരു പുഷ്പകാലമണവൂ ഞാൻ

നേടുക എന്നതിലപ്പുറം നേടിക്കൊടുക്കുക, വിജയിക്കുക എന്നതിനേക്കാൾ താഴെ കൈപിടിച്ചുയർത്തേണ്ടവരെ വിജയിപ്പിക്കുക, നമ്മെ ദ്രോഹിക്കുന്നവരെയും സ്നേഹിക്കുക, നമുക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കിടാൻ കഴിയുക, ആത്മാർത്ഥമായ, അമൂല്യമായ സുഹൃത്ബന്ധങ്ങൾ ജീവകാലം മുഴുവൻ കാത്തു സൂക്ഷിക്കുക തുടങ്ങിയ ജീവിതത്തിൽ പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുള്ള ഒട്ടേറെ കാര്യങ്ങൾ എന്നിലേക്ക് എത്തിച്ചത് ഈ കോളേജിലെ എന്റെ വിദ്യാർത്ഥി ജീവിതമാണെന്ന് കൃത്യമായി പറയാൻ എനിക്ക് കഴിയും. അര നൂറ്റാണ്ടിലേറെയായി പല മേഖലകൾ ഉൾപ്പെട്ട എന്റെ ജീവിത വീഥികളിൽ ഇവ നിലനിർത്താൻ ഞാൻ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ടെന്നു ചാരിതാർഥ്യത്തോടെ കുറിക്കട്ടെ.

ഗുരുനാഥന്മാർ

അധ്യാപകരിലൂടെയാണ് പുതിയ തലമുറ വളർന്നു വരുന്നത്. എന്റെ സാങ്കേതിക വിദ്യാഭ്യാസ കാലത്ത് ഗുരു ഗുരു തന്നെയായിരുന്നു. മാതാപിതാക്കൾ കഴിഞ്ഞാൽ ഗുരുനാഥനായിരുന്നു ആദരവ്.

തർക്കങ്ങൾ മുറുകുമ്പോൾ അവർ ചോദ്യം ചെയ്യപ്പെടാത്ത തീർപ്പുണ്ടാക്കുമായിരുന്നു. അറിവിലും പെരുമാറ്റത്തിലും മാതൃകയായ അവർ ബഹളസ്ഥലത്തു വന്നു തലയെടുപ്പോടെ നിൽക്കുമ്പോൾ സമാധാനം താനെ സുസ്ഥാപിതമാവുമായിരുന്നെന്നു ഇന്ന് ഓർക്കാൻ കഴിയുന്നു. (കോലം കെട്ട ഇന്നത്തെ കാലത്ത് പല ഗുരുക്കന്മാരും ലഘുക്കളാവുന്നതും നാം കാണുന്നുണ്ട്). ഏതു പ്രതിസന്ധിയിലും പിടിച്ചു നിൽക്കാനും ലക്ഷ്യത്തിനായി മനസ്സ് മടുക്കാതെ കാത്തിരിക്കാനുമുള്ള ആർജ്ജവവും ഊർജ്ജവും എനിക്ക് പകർന്നു തന്നത് ജീവിതത്തിന്റെ പാതക്കിരുപുറവും ആശീർവദിക്കാൻ പടർന്നു നിന്ന വഴിമരങ്ങളായ എന്റെ പ്രിയപ്പെട്ട അധ്യാപകരായിരുന്നുവെന്നു ഒരു ഹിപ്പോക്രസിയും കടമെടുക്കാതെ എനിക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും. സല്ലാപം പോലെ കാറ്റ് പതിഞ്ഞു വീശിയ അരയാലുകളായ ഇവരെല്ലാം എനിക്ക് നൽകിയ സഹായസഹകരണങ്ങൾക്കും ഉപദേശങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും ശിരസ്സ് നമിക്കുന്നു.

സംഭവങ്ങൾ

കോളേജിലെ ജീവിതത്തെക്കുറിച്ചു ആലോചിക്കുമ്പോൾ ഗതകാല സ്മരണകളുടെ ശക്തമായ തിരമാലകളുടെ വേലിയേറ്റമാണ് മനസ്സിലേക്ക് ഓടിയെത്തുന്നത്. രോചകവും അരോചകവുമായ നിരവധി മുഹൂർത്തങ്ങൾ. സ്നേഹം, ആർദ്രത, വാത്സല്യം എന്നിവ നിരന്തരം ഏറ്റു വാങ്ങാൻ കഴിഞ്ഞ ഒട്ടേറെ സന്ദർഭങ്ങൾ. അനവധാനത കൊണ്ടും എടുത്തു ചാട്ടം കൊണ്ടും ചെന്ന് ചാടിയ വിഷമ വൃത്തങ്ങൾ... എല്ലാറ്റിനെയും അതിജീവിക്കാൻ സുഹൃത്തുക്കൾ ഒരുക്കിയ കൂട്ടായ്മയുടെ സ്നേഹത്തുരുത്തുകൾ
ഭൂത കാഹളം.

ഗതാനുഗതികത്വമാണ് എപ്പോഴും ലോകത്തെ നിലനിർത്തിക്കൊണ്ടു പോകുന്നത്. എന്നാൽ ലോകത്തെ മുന്നോട്ടു നയിക്കുന്നതും അതിനു ഭാവം അരുളുന്നതും സർഗ്ഗാത്മകതയത്രെ. കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന വസ്തുക്കളുടെ നിഗൂഢതയിൽ ക്രമം കാണാനും ശബ്ദകോലാഹലത്തിന്റെ ആത്മവിൽ ലയം തേടാനും പ്രേരണ നൽകുന്നത് ഈ സർഗ്ഗാത്മകതയാണ്.

ഇത് മനസ്സിലാക്കിയ പത്തോളം വിദ്യാർഥികൾ കൂട്ടായി ചിന്തിച്ചതിന്റെ ഫലമായിരുന്നു വിദ്യാർത്ഥികളുടെ മുഖപത്രമെന്ന നിലയിൽ എന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ കയ്യെഴുത്തു മാസികയായ ഭൂത കാഹളം.

അന്യവത്കൃതനായ മനുഷ്യനെ ബോധവത്കരണത്തിലൂടെ ലയത്തിന്റെ ലോകത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ 'ഉണർത്താം മനുഷ്യനെ ബോധധാരകൾ വീണ്ടും ചുരത്തിക്കൊടുത്തു നാമെടുക്കും മടിത്തട്ടിൽ.' എന്ന കവിവാക്യം ഉൾക്കൊണ്ടുള്ള പ്രവർത്തനം.

ടി.ജി രവി, ലാസർ ജോൺ, സി.എ.ഫ്രാങ്കോ, ടി.പി.ബാബു, കെ.ജി.ജോഷി, വി.ബി. ചെറിയാൻ, പി.എ.ഹരിഹരൻ, അണ്ണൻ രവി, ബാബു ഭരദ്വാജ് എന്നിവരുടെ കൂട്ടായ്മയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. വിദ്യാർത്ഥികളുടെ കഥയും കവിതയും അടങ്ങുന്ന സർഗ്ഗാത്മക രചനകൾക്കൊപ്പം കോളേജിൽ അന്ന് നടന്നിരുന്ന അധികൃതരുടെ ചില നടപടികളെക്കുറിച്ചുള്ള രൂക്ഷമായ വിമർശനവും ഭൂത കാഹളത്തിൽ ഉണ്ടായിരുന്നു. വിമർശനം എന്നും അധികാരികൾക്ക് അപ്രിയമാണല്ലോ. അതിനാൽ രണ്ടു ലക്കത്തോടെ ഭൂതകാഹളം കൊല ചെയ്യപ്പെട്ടു. പക്ഷെ പലർക്കും പിന്നീട് ജീവിതത്തിൽ എഴുതാനും പോരാടാനുമുള്ള ഊർജ്ജം ഈ പ്രക്രിയയിൽ നിന്ന് ലഭ്യമാവുകയുണ്ടായി.

ആർട്സ് ക്ലബ് അനുഭവങ്ങൾ

വായനയും സംഗീതാഭിമുഖ്യവും സർഗ്ഗാത്മക പ്രവർത്തനങ്ങളോടുള്ള അഭിരുചിയും എന്നും മനസ്സിൽ കൊണ്ട് നടന്നിരുന്ന എനിക്ക് മൂന്ന് കൊല്ലം ആർട്സ് ക്ലബ്ബിന്റെ നിർവാഹക സമിതി അംഗമായി പ്രവർത്തിക്കാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ സർഗ്ഗാത്മകത സാർത്ഥകമാക്കാൻ കിട്ടിയ ആദ്യ അവസരങ്ങളായിരുന്നു. പിന്നീട് സ്വരലയയുടെയും കൈരളിയുടെയും ഒക്കെ പ്രവർത്തനങ്ങൾ മികച്ചതാക്കാൻ കഴിഞ്ഞത് കോളേജിൽ നിന്ന് ഈ കാലഘട്ടത്തിൽ ലഭിച്ച പാഠങ്ങളും തിരിച്ചറിവുകളും അനുഭവങ്ങളുമത്രെ. കേരളത്തിലെ തന്നെ മികച്ച സംഘാടകൻ എന്ന് പലരും പ്രശംസിക്കുമ്പോഴും അതിന്റെ തുടക്കം തൃശൂർ എഞ്ചിനീറിങ് കോളേജിലെ ഈദൃശ പ്രവർത്തനങ്ങൾ ആയിരുന്നുവെന്നു കൃതജ്ഞതയോടെ ഓർക്കുന്നു.

ടി.ജി.രവി, അണ്ണൻ രവി, സി.എ.ഫ്രാങ്കോ, സി.എ.ജോസഫ്, കെ. വിജയൻ, ബാബു രാജേന്ദ്രൻ എം.എൻ.രാഘവൻ, എ.കെ.ജോയ്, ശശി, ഫൽഗുനൻ, ജോൺ, ശ്യാമള, ഭാഗ്യലക്ഷ്മി, റൂബിലി, ഗോപകുമാർ, വി.ബി.ചെറിയാൻ, മുഹമ്മദലി, ബാബു ഭരദ്വാജ്, ഇ.വിജയൻ തുടങ്ങി എത്രയോ പേരുടെ കലാപ്രകടനങ്ങൾ ഒരുക്കാനും സംഘടിപ്പിക്കാനും കഴിഞ്ഞത് ഏറെ ആത്മവിശ്വാസം പ്രദാനം ചെയ്തിരുന്നു. മാത്രമല്ല പിന്നീട് സാമൂഹത്തിൽ ഏറെ പ്രാഗൽഭ്യം തെളിയിച്ച ഐ എസ് ആർ ഒ ചെയർമാൻ കെ.രാധാകൃഷ്ണന്റെ കർണാടക സംഗീത താൽപര്യവും റിലയൻസ് പെട്രോ കെമിക്കൽസ് പ്രസിഡന്റ് തോമസ് മാത്യു വിന്റെ ഉപകരണ സംഗീത താൽപര്യവും മനസ്സിലാക്കാനും അവർക്കൊക്കെ പൊതു വേദികളിൽ ആകർഷകമായ രീതിയിൽ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞത് അവിസ്മരണീയമായ അനുഭവങ്ങളായി ഇന്നും നില നിൽക്കുന്നു.

നാടകത്തിലും ചലച്ചിത്ര ലോകത്തും അഭിനയത്തിലൂടെ ഏറെ പ്രശസ്തനായ ടി.ജി.രവിയുടെ ആദ്യകാല കോളേജ് നാടകങ്ങളുടെ പിന്നണിയിലും മുന്നണിയിലും പ്രവർത്തിക്കാൻ കഴിഞ്ഞതും ഏറെ ചാരിതാർഥ്യം നൽകുന്ന ഓർമ്മകളാണ്. ഈ കാലത്ത് ആർട്സ് ക്ലബ്ബിന്റെ സ്റ്റാഫ് ഉപദേശകനും എഴുത്തുകാരനുമായിരുന്ന പ്രൊഫ: പി.പി.പെലിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഏറെ പ്രയോജനകരമായിരുന്നു.


The 1968 GECT drama troupe - From left: Sitting: TG Ravi, Babusenan, Radhakrishnan. Standing: Raghu, Bhaskaran, Sukumaran, TR Ajayan, Raghavan

ഹോസ്റ്റൽ അനുഭവങ്ങൾ

ഏറെ സുഹൃത്തുക്കളെ സമ്മാനിച്ച ഒന്നായിരുന്നു ഹോസ്റ്റൽ ജീവിതം. സ്വയം അനുഭവിക്കുന്നതിൽ എത്രയോ മികച്ചതാണ് സന്തോഷവും സന്താപവും പങ്കിടൽ എന്ന ലോക തത്വം പൂർണ്ണമായി മനസ്സിലാക്കിത്തന്നത് ഹോസ്റ്റൽ ജീവിതമാണ്. അന്നുണ്ടായിരുന്ന എ, ബി, സി ഹോസ്റ്റലിൽ എല്ലാം താമസിക്കാൻ അവസരമുണ്ടായിരുന്നു. മെസ് സെക്രട്ടറി, ഹോസ്റ്റൽ ആർട്സ് ക്ലബ് സെക്രട്ടറി, ഹോസ്റ്റൽ സെക്രട്ടറി എന്നീ ചുമതലകൾ വഹിക്കാൻ അവസരം ലഭിച്ചിരുന്നു. താമസക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും അവരുടെ കാലാഭിരുചികൾ
പ്രോത്സാഹിപ്പിക്കാനും ഏറെ ശ്രമിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ടി.ജി.രവി, കെ.ജി.ജോഷി, കെ.കെ.ഹരി, പി.കൃഷ്ണൻ, പി.എ. അഷ്റഫ്, എസ്.സുകുമാരൻ തുടങ്ങിയവരുടെ നിസ്സീമമായ സഹകരണം ഉണ്ടായിരുന്നു.

മെസ് സെക്രട്ടറിയായിരിക്കുമ്പോഴാണ് പ്രശസ്തമായ കുമാര സംഭവം അരങ്ങേറുന്നത്. ചീഫ് കുക്ക് ആയിരുന്ന കുമാരൻ പ്രധാന ഭക്ഷണപദാർത്ഥങ്ങളിൽ പലതും പുറത്തേക്കു കടത്തുന്നുണ്ടെന്ന് വിദ്യാർഥികൾ പരാതിപ്പെട്ടിരുന്നു. ടി.ജി.രവിയും ഞാനും മറ്റു കൂട്ടുകാരും ചേർന്ന് ഇത് അവസാനിപ്പിക്കാൻ തീരുമാനിച്ചു. ഒരു ദിവസം സാധനങ്ങൾ പുറത്തു കടത്തുമ്പോൾ രവിയും ഞാനും സുഹൃത്തുക്കളും അവിടെയെത്തി. ഞാൻ കുമാരനെ തടഞ്ഞു. അവിടെയുണ്ടായിരുന്ന വലിയ ഒരു ചട്ടുകം എടുത്ത് കുമാരൻ എനിക്ക് നേരെ പാഞ്ഞടുത്തു. ഇത് കണ്ടു സഹിക്കാനാവാതെ രവി കുമാരനെ തടയുകയും ചട്ടുകം പിടിച്ചുവാങ്ങുകകയും പുറകോട്ടു തള്ളുകയും ചെയ്തു. കളവു കണ്ടുപിടിക്കപ്പെട്ട ജാള്യത മറയ്ക്കാൻ കുമാരൻ മെസ് തൊഴിലാളികളുടെ സമരം പ്രഖ്യാപിക്കുകയും എനിക്കും രവിക്കുമെതിരെ വാർഡന്
പരാതി കൊടുക്കുകയും ചെയ്തു. അടുത്ത ദിവസം സസ്പെൻഡ് ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കണമെന്ന നോട്ടീസ് എനിക്കും രവിക്കും കിട്ടി. വിദ്യാർഥികൾ രോഷാകുലരായി. അവരെ തണുപ്പിച്ചതും ഞങ്ങൾക്ക് മറുപടി എഴുതി തന്നതും അസിസ്റ്റന്റ് വാർഡൻ പ്രൊഫസ്സർ അബ്ദുൾ ഖാദർ സാറായിയിരുന്നു. അങ്ങിനെ ന്യായമായ ഒരാവശ്യത്തിന് പുറപ്പെട്ടു സസ്പെൻഷൻ വാങ്ങേണ്ട ഗതികേടിൽ
നിന്ന് ഞാനും രവിയും രക്ഷപ്പെട്ടു.

പക്ഷെ അത് മറ്റൊരു വലിയ മാറ്റത്തിന് വഴി വെച്ചു. ഹോസ്റ്റൽ മെസ്സിൽ നടക്കുന്ന അനീതികൾ മുഴുവൻ വിദ്യാർത്ഥികളെയും ബോധ്യപ്പെടുത്താനും ഇതിനുള്ള ശാശ്വത പരിഹാരം വിദ്യാർഥികൾ പൂർണ്ണമായും അധികാരമുള്ള മെസ് കമ്മിറ്റിയും ചിലവുകൾ കൃത്യമായി ഓരോരുത്തരും പങ്കിടുന്ന dividing system ആണെന്നും ഇതിനായി ഹോസ്റ്റൽ നിയമങ്ങളിൽ മാറ്റം വരുത്തണമെന്നും വിദ്യാർഥികൾ ഏകകണ്ഠമായി തീരുമാനിച്ചു. കേരള സർക്കാരിൽ സമ്മർദ്ധം ചെലുത്തി ഈ ഉത്തരവ് നേടുന്നതിനായി എന്നെയും വി.ബി.ചെറിയാനെയും ടി.ജി. രവിയേയും ചുമതലപ്പെടുത്തി. അന്നത്തെ നാട്ടിക എം.എൽ.എ ടി.കെ.കൃഷ്ണന്റെ സഹായത്തോടെ വിദ്യാഭാസ മന്ത്രി സി.എച്ച് മുഹമ്മദ് കോയയെ കാണുകയും ഒരാഴ്ചക്കകം ഉത്തരവ് ലഭിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് വേണ്ടി വലിയൊരു നേട്ടം കൈവരിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യം ഇന്നും മനസ്സിലുണ്ട്. ആ അവകാശത്തിന്റെ ഗുണം ഇന്നനുഭവിക്കുന്നവരോട് ഞങ്ങക്ക് ചൂണ്ടിക്കാണിക്കാനുള്ളത് നിങ്ങൾക്കു ലഭിക്കുന്ന ഈ തണൽ ഞങ്ങൾ കൊണ്ട വെയിലിന്റെ പരിണിത ഫലമാണെന്നതാണ്.

കോഓപ്പറേറ്റീവ് സൊസൈറ്റി

അവസാന വർഷം എഞ്ചിനീയറിംഗ് കോളേജ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ സെക്രട്ടറി ആയി പ്രവർത്തിക്കാൻ കഴിഞ്ഞതും ആ മേഖലയിൽ വിലക്കുറവിന്റെ വർഷക്കാലം സൃഷ്ടിക്കാൻ കഴിഞ്ഞതും ഏറെ കൃതാർത്ഥതയോടെ ഓർക്കാൻ കഴിയുന്നു.

പ്രേമം, വിവാഹം

ജീവിതായോധനത്തിനുള്ള ബിരുദത്തോടൊപ്പം ജീവിത സഖിയെയും എനിക്ക് നൽകിയത് എന്റെ പ്രിയപ്പെട്ട കലാലയമാണെന്നത് ഇതിനോടുള്ള ഹൃദയൈക്യത്തിന്റെ ഇഴയടുപ്പം വർധിപ്പിക്കുന്നു. നാല് കൊല്ലത്തെ തീക്ഷ്ണവും മധുരവുമായ പ്രണയം.

എതിർപ്പുകൾ എത്രയുണ്ടായാലും ലക്ഷ്യമെത്താൻ വേണ്ടതെല്ലാം ചെയ്യുമെന്ന ചാഞ്ചല്യമില്ലാത്ത മനോധൈര്യം, ഓരോ വഴി അടയുമ്പോഴും പുതിയത് തുറന്നു കിട്ടാതിരിക്കില്ല എന്ന ആത്മവിശ്വാസം, ജാതിയുടെ പേര് പറഞ്ഞു ഈ പ്രേമബന്ധത്തെ ഇല്ലായ്മ ചെയ്യാനുള്ള കടുത്ത പ്രയത്നങ്ങളോടുള്ള അണയാത്ത പ്രതിരോധം, മുഴുവൻ കൂട്ടുകാരുടെയും സ്നേഹനിധികളായ അധ്യാപകരുടെയും കളങ്കമില്ലാത്ത പിന്തുണയും പാരസ്പര്യവും ഇവയൊക്കെയാണ് എന്റെയും ഭാഗ്യലക്ഷ്മിയുടെയും പ്രേമം തളിരിടാനും വിവാഹത്തിൽ കലാശിയ്ക്കാനും ഇടയാക്കിയത്.ഒരു കല്യാണത്തിൽ കോളേജിലെ രണ്ടു ബസ്സും വിദ്യാർത്ഥികളും അധ്യാപകരുമൊത്ത് പങ്കു ചേർന്നതും നന്ദിയോടെ ഞങ്ങൾ സ്മരിക്കുന്നു.

സുഹൃത്തുക്കളുടെ നിര

സ്നേഹത്തിന്റെയും പരസ്പര്യത്തിന്റെയും നിറവ് എന്നിലേക്ക് പ്രവഹിപ്പിച്ച ഒട്ടേറെ സൗഹൃദങ്ങൾക്ക് പ്രാരംഭമായതു എഞ്ചിനീയറിംഗ് വിദ്യാഭ്യാസ കാലഘട്ടത്തിൽ ആയിരുന്നുവെന്നത് എനിക്ക് ചാരിതാർഥ്യമേകുന്നു. അന്ധാളിപ്പിലും ആലസ്യത്തിലും സന്തോഷത്തിലും സന്താപത്തിലും കർത്തവ്യനിരതയിലും കർമ്മകുശലതയിലും അനവധി വർഷങ്ങൾ കടന്നു പോയിട്ടും അന്നത്തെ സുഹൃത്ബന്ധങ്ങളിൽ ഭൂരിഭാഗവും ഇന്നും തുടർന്ന് കൊണ്ട് പോകാൻ കഴിയുന്നുവെന്നതും എന്റെ ജീവിതത്തിന്റെ ധന്യതയത്രെ. ഇവിടെ നിന്ന് ലഭിച്ച ചില അടുത്ത സുഹൃത്തുക്കൾ നമ്മെ വിട്ടു പോയിരിക്കുന്നു. സി.ഐ.ടി.യൂ വിന്റെ അഖിലേന്ത്യ സെക്രട്ടറി ആയിരുന്ന വി.ബി. ചെറിയാൻ, പ്രശസ്ത എഴുത്തുകാരനായിരുന്ന ബാബു ഭരദ്വാജ്, സൗദി അറേബ്യയിലും ദുബായിലും എഞ്ചിനീയർ ആയിരുന്ന പി.എ.അഷ്റഫ്, വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർ ടി.പി.ബാബു, പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീർമാരായ കെ.കെ.ജയപ്രകാശ്, പി.ഐ.മുഹമ്മദ്, ദേവസേന, കെ.ജി. അച്യുതൻ, അജിത്, പിഃടിയിൽ എഞ്ചിനീയർ ലക്ഷ്മി തുടങ്ങിയവർക്ക് നിത്യശാന്തി.


The author is the current director of Kairali TV and is from the 69 CE batch. He has published three books in Malayalam.

എന്റെ ജീവിതത്തിന്റെ നിമ്നോന്നതങ്ങളിലെല്ലാം എന്നോടൊപ്പം നിന്ന് ടി.ജി.രവി, കെ.ജി.ജോഷി, കെ.അബൂബക്കർ, കെ.കെ.ഹരി, വി.കെ.സത്യവ്രതൻ, ടി.എസ്, അനന്തകൃഷ്ണൻ, പി.കൃഷ്ണൻ, കെ.കെ.ബാബുരാജ്, ആർ.കെ.രവി, സി.എ.ജോസഫ്, എസ്.സുകുമാരൻ എന്നിവരോടുള്ള കുടുംബസൗഹൃദം ഓരോ വർഷം തോറും ദൃഢമായി മാറിക്കൊണ്ടേയിരിക്കുന്നു.

എന്റെയും പ്രിയതമ ഭാഗ്യലക്ഷ്മിയുടെയും കോളേജ് സുഹൃത്തുക്കളായ ലളിത, സരസു, ദേവയാനി, കൃഷ്ണകുമാരി, ശ്യാമള, റൂബിലി, ചന്ദ്രിക, ശാന്തകുമാരി, സുലോചന, വിമല, ഗീത വെങ്കിടാചലം, രമ, തങ്കം, സുകുമാരി, കെ.എൻ.ലതിക, രജനി, സരോജിനി, ഭാരതി, സരള, ലക്ഷ്മിക്കുട്ടി, ശ്യാമളാദേവി, വിജയമ്മ എന്നിവരുമായുള്ള സൗഹൃദം അഭംഗുരം തുടരുന്നു.

കോളേജിലെയും ഹോസ്റ്റലിലെയും എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന കെ.രാധാകൃഷ്ണൻ, തോമസ് മാത്യു, ഇ.വിജയൻ, ടി.അച്യുതാനന്ദൻ, ശങ്കുണ്ണി, ആന്റണി ബാലൻ, വി.കുഞ്ഞിരാമൻ, മോഹൻദാസ്, കാസ്മിക്കോയ, കേശവാനന്ദ്, ചന്ദ്രമോഹൻ, വേലായുധൻ, മീശ രവി, ഇബ്രാഹിം, കെ.വിജയൻ, കെ.പി.വിജയൻ, എം.എൻ. രാഘവൻ, വിശ്വനാഥൻ, കെ.കെ.രവീന്ദ്രൻ, ബലരാമൻ, വി.രാമദാസ്, കെ.രാമകൃഷ്ണൻ, ഉണ്ണികൃഷ്ണൻ, മനോഹരൻ, വേണു എന്നിവരെ ഏറെ കൃതജ്ഞതയോടെ ഓർക്കുന്നു.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വരികൾ ഓർമിക്കട്ടെ
അറിഞ്ഞതിൽപ്പാതി പറയാതെ പോയി
പറഞ്ഞതിൽപ്പാതി പാതിരായും പോയി
പകുതി ഹൃത്തിനാൽപ്പൊറുക്കുമ്പോൾ നിങ്ങൾ
പകുതി ഹൃത്തിനാൽ വെറുത്തുകൊള്ളുക
ഇതെന്റെ രക്തമാണിതെന്റെ
മാംസമാണെടുത്ത് കൊള്ളുക.

ഞങ്ങളൊക്കെ പഠിച്ചിരുന്ന കാലത്തു നിന്ന് കോളേജ് കെട്ടിലും മട്ടിലും പഠനത്തിലും അധ്യാപനത്തിലും എല്ലാം ഏറെ മുന്നോട്ടു പോയിട്ടുണ്ടെന്ന് സന്തോഷത്തോടെ മനസ്സിലാക്കുന്നു. ഇനിയും ഈ കലാലയം വിജയത്തിന്റെ കൊടുമുടികൾ ഏറെ താണ്ടട്ടെ എന്ന് ഹൃദയത്തിന്റെ നിറവും മണവും ഊഷ്മാവും ഉൾക്കൊണ്ട ആശംസകൾ നേരുന്നു.